# സമൂഹത്തിൽ വ്യക്തി യുടെ സൗഭാഗ്യം രണ്ടു് വ്യത്യസ്ത കാഴ്ചപ്പാടുകൾ.

ന/233.7
VEL

ഡോ. തോമസ് വെള്ളിലാംതടം, Ph.D.

# സമൂഹത്തിൽ വ്യക്തി യുടെ സൗഭാഗ്യം

ഡോ. തോമസ് വെള്ളിലാംതടം, Ph.D.

ACHARYA PALACKAL JEEVASS KENDRAM LIBRARY 11976
ST. ANTONY'S MONASTERY Phone: 3140 ALWAYE-1
DHARMARAM COLLEGE LIBRARY BANGALORE-29

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്,
കോട്ടയം — 686 001
ബ്രാഞ്ച്: കട്ടപ്പന — 685 508

1982

M/2337
VEL-S

Malayalam
SAMOOHATH1L VYAKTIYUDE
SAUBHAGYAM
BY. THOMAS VELLILAMTHADAM, Ph. D.
First Impression October 1982
Price Rs. 6· 00
Copyright to Auther
Printed at:
Anaswara Printers and Training Centre
Sastri Road, Kottayam.
*Distributors:*
Deepika Book House
Sastri Road, Kottayam 686001
(Branch: Kattappana 685508)

Dharmaram College Library
Acc. No. 96772
Call. No. 041/V541

# ഉള്ളടക്കം

ആമുഖം

## ഒന്നാംഭാഗം: ഫ്രോയ്ഡിന്റെ വീക്ഷണം

A. ജീവചരിത്രപശ്ചാത്തലം
B. താത്വിക പശ്ചാത്തലം
C. അടിച്ചമർത്തപ്പെട്ടമനസ്സ്
   1. സഹജവാസന
   2. അടിച്ചമർത്തലും നാഗരികതയും
   3. വാസനാതത്വങ്ങൾ
   4. മനസ്സും യാഥാർത്ഥ്യവും
D. **അടിച്ചമർത്തുന്ന നാഗരികത**
   1. വ്യക്തിമനഃശാസ്ത്രവും സമൂഹമനഃശാസ്ത്രവും
   2. മേധാവിത്വത്തിന്റെ അപഗ്രഥനം
   3. പ്രഥമപിതാവിൽനിന്നു് ആധുനികസമൂഹംവരെ
E. സമൂഹത്തിൽ വ്യക്തിക്കു് സൗഭാഗ്യമില്ല.

## രണ്ടാംഭാഗം: മാർക്യൂസിന്റെ വീക്ഷണം

A. ജീവചരിത്രപശ്ചാത്തലം
B. മാർക്യൂസും ഫ്രോയ്ഡും തമ്മിലുള്ളവ്യത്യാസം
C. വ്യവസ്ഥാപിത സമൂഹം
   1. പ്രഥമസമൂഹവും നിർവഹണസമൂഹവും
   2. വ്യവസ്ഥാപിതയാഥാർത്ഥ്യത്തിന്റെ വ്യുല്പത്തി
   3. രാഷ്ട്രിയ സമഗ്രീകരണം
   4. സാംസ്ക്കാരിക സമഗ്രീകരണം
D. **നൂതനസമൂഹം**
   1. താത്വിക സാധ്യത
   2. സാങ്കേതിക സാധ്യത
   3. നൂതനവ്യക്തിയുടെ ഉത്ഭവം
E. Selected Biblioglaphy

## ചുരുക്കെഴുത്തു സൂചി

EC = Eros and Civilisation (Marcuse)
EL = An Essay on Liberation (Marcuse)
FL = Five Lectures (Marcuse)
OM = One Dimensional Man (Marcuse)
SE = The standard Edition of the Complete Psychological Works of Sigmund Freud.

## Selected Bibliography


Freud S., The Standard Edition of the Complete Psychological works of Sigmund Freud (London: 1953–1974)

Marcuse H., Reason and Revolution (Newyork : 1941)
Eros and Civilization (New york : 1966)
Soviet Marxism (New york: 1958)
One-Dimensional Man (New york : 1964)
An Essay on Liberation (Boston : 1969)
Counterrevolution and Revolt (Boston: 1972)

Vellilamthadam T., Tomorrow's Society·
Marcuse and Freud on Civilization (Kottayam: Oriental Institute Publications: 1978)


## ഗ്രന്ഥകർത്താവിൻെറ ഇതര കൃതികൾ

1) The Spectre of Being. A Short Note on the Planetarian Domination (1982)
2) From the Burning Sands. A Prayerful Reflection on the Indian Society (1981, 1982)
3) Greek Wisdom (1981)
4) Tomorrow's Society (1978)
5) Despair, Hope and Bliss (1980)
6) Man and social problems (1977)
7) കേരളസഭാ സർവ്വേ (സഹകർതൃത്വം) (1978)
8) സമൂഹത്തിൽ വ്യക്തിയുടെ സൗഭാഗ്യം. (1982)

## ആമുഖം

സിഗ്മണ്ട് ഫ്രോയ്ഡും ഹെർബർട്ട് മാർക്യൂസും സമൂഹത്തിൽ വ്യക്തിയുടെ സൗഭാഗ്യത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ച് ചിന്തിച്ച രണ്ട് യഹൂദ ദാർശനിക താരങ്ങളാണ്. സഹജവാസനകൾ അടിച്ചമർത്തപ്പെടുന്നതുകൊണ്ട് സമൂഹത്തിൽ വ്യക്തിക്ക് സൗഭാഗ്യം ലഭ്യമല്ല എന്നാണ് ഫ്രോയ്ഡിൻെറ പക്ഷം. എന്നാൽ ആധുനിക വികസിത വ്യവസായവത്കൃത സമൂഹത്തിൽ പദാർത്ഥികബൗദ്ധിക സാധ്യതകൾ ധാരാളമുള്ളതുകൊണ്ട് സൗഭാഗ്യത്തെപ്പററി ഉറക്കെ ചിന്തിക്കേണ്ട കാലം വന്നിരിക്കുന്നു എന്നാണ് മാർക്യൂസിൻെറ ചിന്താധാര വെളിപ്പെടുത്തുന്നത്.

ഈ പുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുന്നത് എൻെറ രണ്ട് യുവസുഹൃത്തുക്കളായ റവ. ജോസ് കല്ലരങ്ങാട്ടിൻേറയും റവ. അലക്സ് താരാമംഗലത്തിൻേറയും പ്രേരണമൂലമാണ്. ദാർശനിക ചിന്തയിൽ തല്പരരായ അവർ വളരെ പ്രയാസങ്ങൾ തരണം ചെയ്താണ് മലയാളത്തിൽ ആവശ്യമുള്ള സാങ്കേതിക പദങ്ങൾ ഗവേഷണബുദ്ധ്യാ തേടിപിടിച്ചതും എൻെറ ആശയങ്ങൾ ഈ രൂപത്തിലാക്കിയതും. അവക്ക് ഹൃദയംഗമമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. കൈയെഴുത്തു പ്രതി വായിച്ച് വിലയേറിയ നിർദ്ദേശങ്ങൾ നൽകിയ ജോർജ്ജ് കുടിലിൽ, അതുപകർത്താൻ സമയം ചെലവഴിച്ച സെബാസ്റ്റ്യൻ ചേമ്പാലക്കുന്നേൽ, ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ആൻേറാ കാഞ്ഞിരത്തുങ്കൽ, സെബാസ്റ്റ്യൻ വെച്ചൂകരോട്ട്, ചാക്കോ ചാത്തനാട്ട്, എന്നിവരോടും ഞാൻ കൃതജ്ഞനാണ്.

ഈ ഗ്രന്ഥത്തിന്റെ മുദ്രണവും വിതരണവും ഏറ്റെടുത്തു് പ്രചോദനമേകുന്ന ദീപിക ബുക്ക് ഹൗസിനോടും എന്റെ കൃതജ്ഞത.

പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റൂട്ട്
സെന്റ്തോമസ് സെമിനാരി
കോട്ടയം—10

തോമസ് വെള്ളിലാംതടം

ഒക്ടോബർ 15, 1982

## ഒന്നാം ഭാഗം: ഫ്രോയ്ഡിന്റെ വീക്ഷണം.

### A. ജീവചരിത്രപശ്ചാത്തലം

ആസ്ട്രിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന മൊറാവിയായിലെ ഫ്രൈബെർഗ്ഗിൽ 1856– ലാണ് സിഗ്മണ്ട് ഫ്രോയ്ഡിന്റെ ജനനം. വിയന്നാസർവകലാശാലയിൽ വിദ്യാഭ്യാസം ചെയ്ത് 1881 ൽ മെഡിക്കൽ ഡിഗ്രി കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ആദ്യകാല പരീക്ഷണങ്ങൾ ജൈവശാസ്ത്രത്തെ കേന്ദ്രീകരിച്ചായിരുന്നു. എങ്കിലും അദ്ദേഹത്തിന് പ്രാവീണ്യവും താല്പര്യവുമുള്ള മണ്ഡലം നാഡീവ്യൂഹത്തിന്റെ ഘടനയെപ്പററിയുള്ള പഠനമായിരുന്നു.

മാർത്താ ബെർണെയ്സ് (1861–1951) എന്ന യഹൂദ യുവതിയുമായി വിവാഹാലോചന നടന്നതിനു ശേഷം ഫ്രോയ്ഡിന് തന്റെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഒരു താത്ക്കാലിക വിരാമമിടേണ്ടിവന്നു. സാമ്പത്തിക ക്ലേശങ്ങൾ പരിഹരിക്കുന്നതിന് ഒരു ഭിഷഗ്വരനായി ജോലിചെയ്തു. ഈ ജോലി അത്ര ഇഷ്ടമില്ലായിരുന്നെങ്കിലും, അതു് ഫ്രോയിഡിന് ചികിത്സാസമ്പ്രദായങ്ങളിൽ കൂടുതൽ പ്രാവീണ്യം നേടിക്കൊടുത്തു, പ്രത്യേകിച്ച് സിരാവിജ്ഞാനീയ സംബന്ധമായ മണ്ഡലത്തിൽ.

1885–ൽ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ് നേടി പാരീസിലേക്ക് പോയി. അവിടെ പ്രസിദ്ധ മനോരോഗവിദഗ്ധനായ ഷർക്കോ (1825–1893) യുടെ കീഴിൽ പരീക്ഷണങ്ങൾ ആരംഭിച്ചു. ഈ കാലഘട്ടത്തിലാണ് ഹിസ്റ്റീരിയാരോഗത്തിനുള്ള ഹിപ്നോസിസ് ചികിത്സാരീതിയുമായി ഇടപെട്ടതു്. ബ്രോയർ (1842–1925), ബേൺഹൈം (1840–1919), ഷർക്കോ തുടങ്ങിയ മനഃശാസ്ത്രജ്ഞന്മാർ ഹിപ്നോട്ടിസത്തിന്റെ വളർച്ചയിൽ

ഗണ്യമായ പങ്കുവഹിച്ചവരാണ്. എന്നാൽ ഹിപ്നോട്ടിക് ചികിത്സയുടെ അപര്യാപ്തത കണ്ട ഫ്രോയ്ഡ് അതിനെ ഉപേക്ഷിച്ച് വേറേ ചികിത്സാമാർഗ്ഗങ്ങൾ ആരാഞ്ഞു. മാനസിക രോഗികളുടെ ചികിത്സയിൽനിന്ന് ഫ്രോയ്ഡിന് മനസ്സിലായി, രോഗികൾക്ക് തങ്ങളുടെ മനസ്സിന്റെ അഗാധതലങ്ങളെക്കുറിച്ച് വലിയ ബോധമില്ലെന്ന്. മനുഷ്യനിൽ അബോധമനസ്സ് എന്ന ഒന്ന് ഒന്നുണ്ടെന്നും മനോരോഗങ്ങളുടെ മൂലകാരണങ്ങൾ കണ്ടുപിടിക്കുന്നതിന്. മനസ്സിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിചെല്ലുന്നതിന് പററുന്ന ഒരു സമ്പ്രദായം ആവശ്യമാണെന്നും മനസ്സിലായി. ഈ മനഃശാസ്ത്രശാഖയെ സൈക്കോ അനാലിസിസ് അഥവാ മാനസികാപഗ്രഥനം അഥവാ, കൂടുതൽ അർത്ഥവത്തായിട്ട്, അബോധവിശ്ലേഷണം എന്നും പറയുന്നു. അടിച്ചമർത്തപ്പെട്ടതും (repressed) മറന്നു പോയതുമായ ഭൂതകാലാനുഭവങ്ങളാണ് മനോരോഗങ്ങളുടെ കാരണമെന്ന് ഫ്രോയ്ഡ് മനസ്സിലാക്കി. അബോധവിശ്ലേഷണം എന്ന ചികിത്സാരീതി വഴി അബോധമനസ്സിലെ അടിച്ചമർത്തപ്പെട്ടതും വേദനാജനകവുമായ വികാരങ്ങളെ ബോധമനസ്സിൽ കൊണ്ടുവരുകയും അവയുടെ ശക്തിനഷ്ടപ്പെടുത്തുകയും ചെയ്യുക വഴി രോഗിസുഖം പ്രാപിക്കുന്നു എന്നും തെളിഞ്ഞു. ഈ കാലഘട്ടത്തിൽ രചിച്ച സുപ്രധാനകൃതികളാണ് ''ഹിസ്റ്റിരിയെക്കുറിച്ചുള്ള പഠനങ്ങൾ'' (1895), ''സ്വപ്നവ്യാഖ്യാനങ്ങൾ'' (1899) എന്നിവ.

1900—ന് ശേഷം ഫ്രോയ്ഡ് പല പുതിയ സിദ്ധാന്തങ്ങൾക്കും രൂപം നല്കി. ഉദാഹരണമായിട്ട് ശൈശവ ലൈംഗികത. 1920—ന് ശേഷം അദ്ദേഹം തന്റെ നൂതനാശയങ്ങളെ കല, സംസ്ക്കാരം, മതം തുടങ്ങിയ തലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു. Beyond the pleasure principle, the Ego and the Id, the Future of an Illusion, civilization and its discontents, Moses and Monotheism മുതലായവ ഈ ഇനത്തിൽപ്പെടുന്നവയാണ്.

ഹിററലറിൻെറ കിരാതഭരണത്തിൻെറ ഇരയാകാനുള്ള ദൗർഭാഗ്യം ഒരു യഹൂദനായ ഫ്രോയ്ഡിനും ഉണ്ടായി. 1939–ൽ സ്വന്തം നാടുവിട്ട് പോകേണ്ടിവന്ന അദ്ദേഹം ആ വർഷം ലണ്ടനിൽവച്ച നിര്യതനായി.

## B. താത്ത്വിക പശ്ചാത്തലം.

സൈക്കോ അനാലിസിസ് അഥവാ മനോവിശ്ലേഷണം എന്ന പദം പ്രധാനമായും ഫ്രോയ്ഡിൻെറ തത്ത്വങ്ങളെ കുറിക്കുന്നു. തൻെറ ഗവേഷണപഠനങ്ങളുടെ ആദ്യഘട്ടത്തിൽ തികച്ചും താത്ത്വികമായ രീതിയിലും താത്ത്വിക ഗവേഷണങ്ങൾ വഴിയും കെയസ് (case) അപഗ്രഥനം വഴിയും രൂപീകരിക്കപ്പെട്ട അബോധവിശ്ലേഷണമെന്ന സമ്പ്രദായമാണിവിടെ ഉദ്ദേശിക്കുന്നത്.

ഫ്രോയ്ഡിൻെറ ചിന്തയെ മൂന്നു വകുപ്പുകളിലായി വിഭജിച്ചു കാണുന്നു: അടിസ്ഥാനപരമായ മനശാസ്ത്രാശയങ്ങൾ, ചികിത്സാ നിരീക്ഷണങ്ങളിൽ അധിഷ്ഠിതമായ തത്ത്വങ്ങൾ, സമൂഹത്തിൻെറയും, നാഗരികതയുടെയും യുദ്ധത്തിൻെയും, മതത്തിൻെറയും സ്വഭാവത്തെപ്പററിയുള്ള മനശാസ്ത്രപരമായ നിഗമനങ്ങൾ. നമ്മുടെ പഠനാർത്ഥം ഇങ്ങനെ വിഭജിക്കാം: 1) പ്രയോഗിക പ്രവൃത്തികൾ ഉൾക്കൊള്ളുന്ന അബോധവിശ്ലേഷണം അഥവാ തെറാപ്പി 2) താത്ത്വികനിഗമനങ്ങളുടെ സമാഹാരം അഥവാ തിയറി.

## തെറാപ്പി

ചികിത്സാരീതിയിൽ നിന്നാണ് മാനസികാപഗ്രഥനം ഉരുത്തിരിയുന്നത്. അവിടെ അബോധവിശ്ലേഷണത്തിലൂടെ മനുഷ്യപ്രകൃതിയെ സംബന്ധിച്ച നേരിട്ടുള്ള നിരീക്ഷണങ്ങൾ നടത്തുന്നു. തങ്ങളുടെ ജീവിതസാഹചര്യങ്ങളുടെ ശക്തികൊണ്ട് സമൂഹത്തിന് വേണ്ടത്ര പ്രോത്സാഹനം കിട്ടാത്തവരേയും നിസ്സഹായാവസ്ഥയിലായവരേയും സഹായിക്കുക എന്നതായിരുന്നു ഫ്രോയ്ഡിൻെറ ലക്ഷ്യം. അത്തരക്കാർക്ക് തങ്ങളോടും തങ്ങളുടെ ജീവിതസാഹചര്യങ്ങളോടും ഒത്തുപോകുവാൻ സാധിക്കു

ന്നില്ല. കാമാസക്തി (Libido) യുമായുള്ള ബന്ധം നിമിത്തം അഹത്തിൻെറ സ്വാധീനത്താൽ അബോധത്തിൽ അടിച്ചമർത്തപ്പെട്ടിരിക്കുന്നതായ മാനസിക ഉള്ളടക്കത്തെ ബോധാവസ്ഥയിലേക്കു കൊണ്ടുവരണം ഇതു് അബോധവിശ്ലേഷണ രീതിയിലെ മർമ്മപ്രധാനമായ സംഗതിയാണു്. കാരണം അടിച്ചമർത്തപ്പെട്ട കാമാസക്തിയുടെ പ്രത്യക്ഷീകരണമാണു് ന്യൂറോസിസ് അഥവാ സിരാരോഗം എന്നാണു് സങ്കല്പം തെറാപ്പിസ്ററ് അഥവാ അബോധവിശ്ലേഷകൻ പ്രത്യേകമായ സാങ്കേതികവിദ്യയുടെ പ്രയോഗംവഴി മാനസികമായി വിഷമിക്കുന്ന വ്യക്തികൾക്കു് തങ്ങളെ പീഡിപ്പിക്കുന്നതും തങ്ങളുടെ വ്യൽപത്തിക്കതീതവുമായ (Irratioal) ശക്തികൾ ഏവയാണെന്നു് മനസ്സിലാക്കിക്കൊടുക്കുന്നു.

പരീക്ഷണ മാർഗ്ഗങ്ങളിൽ വിശ്വസിച്ചിരുന്നയാളാണു് ഫ്രോയ്ഡ്. തന്മൂലം വസ്തുതകളെ വസ്തുനിഷ്ഠമായി നിരീക്ഷിക്കുവാൻ യത്നിച്ചു. ഒരുമന:ശാസ്ത്രജ്ഞനും ഞരമ്പുരോഗചികിത്സാവിദഗ്ദ്ധനും എന്ന രീതിയിലുമുള്ള ഫ്രോയ്ഡിൻെറ ആദ്യകാല സേവനം ഒരു ശാസ്ത്രീയകാഴ്ചപ്പാടു് രൂപീകരിക്കുന്നതിനു് അദ്ദേഹത്തെ സഹായിച്ചു. ചികിത്സാരീതികൾ തെറേറാ ശരിയോ എന്നു് തോന്നിക്കാണുന്ന പ്രതിഭാസങ്ങളുടെ നിരീക്ഷണത്തിൽ അദ്ദേഹത്തിനു് വസ്തുതകൾ മുൻകൂട്ടി കാണുവാനുള്ള കഴിവുണ്ടായിരുന്നു. തന്മൂലം പരീക്ഷണങ്ങൾക്കു് വിധേയമാക്കാവുന്ന വസ്തുതകളും പ്രതിഭാസങ്ങളും പ്രത്യേകിച്ചു് ന്യൂറോട്ടിക്കു് രോഗികളുടെ രോഗലക്ഷണങ്ങളും നിരീക്ഷിക്കുന്നതിലാണു് ആദ്യകാലം ഫ്രോയ്ഡ് ശ്രദ്ധചെലുത്തിയിരുന്നതു്. അങ്ങനെ മനോവിശ്ലേഷണത്തിൻെറ ശാസ്ത്രീയ സ്വഭാവത്തിനു് ചികിത്സാരീതിയെ ആശ്രയിക്കേണ്ടതായി വന്നു. ഫ്രോയിഡിൻെറ കല്പനാവൈദഗ്ദ്ധ്യവും അടിസ്ഥാനപരമായ സംഭാവനയും കാണുന്നതു് തൻെറ ചികിത്സാരീതിയിലാണു്, പ്രത്യേകിച്ചു മനോവിശ്ലേഷണത്തിൽ.

## 2. തിയറി

ഫ്രോയ്ഡിൻെറ നിരീക്ഷണങ്ങരം ക്രമേണ തിയറിയായി പരിണമിച്ചു. ചികിത്സാരീതിയിലും, അബോധ വിശ്ലേഷണത്തിലുമുള്ള താത്പര്യത്തിനു പുറമെ ജന്മസിദ്ധമായി തനിക്കു് ലഭിച്ച ചിന്താശക്തിയേയും അദ്ദേഹം ഒരിക്കലും നശിപ്പിച്ചിട്ടില്ല. ക്ലിനിക്കിൽ നിന്നും ലഭിച്ച അറിവുകരം താത്വിക തലത്തിൽ ഉപയോഗപ്പെടുത്താൻ തുടങ്ങി. ഫ്രോയ്ഡിൻെറ തത്വശാസ്ത്രം, മതം, ധർമ്മശാസ്ത്രം, സമൂഹം, സംസ്കാരം, നാഗരികത തുടങ്ങിയവയിലെല്ലാം ഈ സ്വാധീനം വ്യക്തമാണു്. (S E20:57). രോഗിയുമായാണു് ഇടപെടുന്നതെങ്കിലും രോഗിയുടെ മാനസികസംഘർഷങ്ങരംക്കു ഹേതു സാമൂഹ്യ നിരോധനങ്ങളും വ്യക്തിയും തമ്മിലുള്ള സംഘട്ടനം ആണെന്നുള്ള വസ്തുത അദ്ദേഹം മറച്ചു വയ്ക്കുന്നില്ല. മാനസികോപാധികളിലൂടെ സാമൂഹ്യ രാഷ്ട്രീയ ഗതികളെ നിയന്ത്രിക്കാമെന്നുള്ളതുകൊണ്ടു്, അബോധവിശ്ലേഷണം തത്വശാസ്ത്രത്തിൻെറയും സാമൂഹ്യശാസ്ത്രത്തിൻെറയും തലങ്ങളിലേക്കു് കടക്കുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്. ഫ്രോയ്ഡിൻെറ പിത്ക്കാലാ താത്വിക നിഗമനങ്ങളെ അതിമന:ശാസ്ത്രം(metapsychology) എന്നുവിളിക്കുന്നു. അതിമന:ശാസ്ത്രം മനുഷ്യവർഗ്ഗത്തിൻെറ പ്രാഗ്ചരിത്രത്തിൻെറ പുനർനിർമ്മാണത്തിലേക്കും നാഗരികതയുടെ ചരിത്രപരമായ ഘടനയിലേക്കു, വിരൽചൂണ്ടുന്നുണ്ടു്. തന്മൂലം ഫ്രോയ്ഡിൻെറ തത്വത്തിനു് സാമൂഹ്യമായ ഒരു മാനം ഉണ്ടു്. ആത്മ (self) ൻെറ ആന്തരിക സംഘട്ടനങ്ങളെ പഠിക്കുന്ന ഒരു മനഃശാസ്ത്രജ്ഞനാണദ്ദേഹമെങ്കിലും രോഗികളായ വ്യക്തികളെയാണു് അദ്ദേഹം പരീക്ഷണവിധേയനാക്കിയതു്. ഈ ആന്തരിക സംഘട്ടനം വ്യക്തികളും സമൂഹത്തിലെ നിയന്ത്രണങ്ങളും തമ്മിലുള്ള സംഘട്ടനത്തിൽ നിന്നാണു് ഉളവാകുന്നതെന്നു് അദ്ദേഹം കരുതി. ഇഡിപ്പസ് കോംപ്ലക്സ് മുതൽ അത്യഹത്തിൻെറ വിലങ്ങുകളുടെ പുറന്തള്ളൽവരെ ഒരു ശിശു വളരെയധി

കം മാററങ്ങൾക്ക് വിധേയനാകുന്നു. വ്യക്തികളുടെ മാത്രമല്ല നാഗരികതയുടെയുംകൂടി രഹസ്യം ഫ്രോയ്ഡിന്റെ അതിമനഃശാസ്ത്രം വെളിപ്പെടുത്തുന്നുണ്ട്. അതായത് ഒരു വിധത്തിൽ ഫ്രോയ്ഡിന്റെ വ്യക്തിമനഃശാസ്ത്രം സത്താപരമായിട്ട് സമൂഹ മനഃശാസ്ത്രമാണ്. കാരണം, ഫ്രോയ്ഡിന്റെ തിയറി ജീവശാസ്ത്രപരം മാത്രമല്ല, മൗലികമായി സാമൂഹ്യവും രാഷ്ട്രീയവുമാണ്. മനുഷ്യനെപ്പററി മനോവിശ്ലേഷണം നല്കുന്ന വ്യാഖ്യാനം സംസ്കാരം മുഴുവനേയും വെളിപ്പെടുത്തുന്നുണ്ട്. തന്നെയുമല്ല, ആധുനിക വ്യവസായവത്കൃത സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന ചില രാഷ്ട്രീയവാസനകൾ ഫ്രോയ്ഡിന്റെ വാസനാതത്വം (Instinetual theory) വ്യക്തമാക്കുകയും ചെയ്യുന്നു.

## [ അടിച്ചമർത്തപ്പെട്ട മനസ്സ്

### 1. സഹജവാസന

ഫ്രോയ്ഡിന്റെ സഹജവാസന (instincts) യെപ്പററി മനസ്സിലാക്കുന്നതിനു് മുമ്പായി ചില അവ്യക്തതകൾ മാറേറണ്ടതായിട്ടുണ്ട്. പ്രത്യക്ഷത്തിൽ ഒരേ അത്ഥമുള്ള രണ്ട് വ്യത്യസ്ത പദങ്ങളാണ് വാസനയ്ക്കായി അദ്ദേഹംഉപയോഗിച്ചതു്. Trieb–ഉം Instinkt–ഉം എന്ന രണ്ടു ജമ്മൻ വാക്കുകളാണവ. ഫ്രോയ്ഡിന്റെ കൃതികളിലെല്ലാം കാണുന്ന Trieb എന്ന പദത്തിനു് പ്രേരണാശക്തി, വാസനാപരമായ പ്രേരണാശക്തി എന്നൊക്കെ അർത്ഥമുണ്ട്. കാരണം Trieb വരുന്നതു് Treiben എന്ന ക്രിയയിൽ നിന്നാണ്. അതിന്റെ അത്ഥം തള്ളക, പ്രേരിപ്പിക്കുക, നിർബന്ധിപ്പിക്കുക, തത്ഫലമായി ഉത്തേജിപ്പിക്കുക, മുന്നേറുക, ഉദ്ദീപിപ്പിക്കുക എന്നൊക്കെയാണ്. Instinkt വരുന്നതു് Instinguere എന്നു ലത്തീൻ വാക്കിൽ നിന്നാണ്. അതിന്റെ അർത്ഥവും തള്ളുക എന്നാണ്.

ജീവനുള്ള ജീവാവയവത്തിന്റെ ആന്തരികതയിൽ നിന്നും ഉരുത്തിരിയുന്ന ശക്തിമത്തായ മുന്നേററമുള്ള സ

ഹജ വാസന നൈമിഷികമായിട്ടല്ല നിരന്തരമായിട്ടാണ് പ്രവത്തിക്കുന്നതു്. ജീവാവയവത്തിന്റെ ആന്തരികതയിൽ നിന്നു് ഉത്ഭവിക്കുന്നതിനാൽ ഇതിനെതിരായി ഒരു നെട്ടോട്ടവും സാധ്യമല്ല. അതിനാൽ വാസനാപരമായ ഉത്തേജനത്തെ ശാരീരികമായ ഉത്തേജനത്തോടു് (അതായതു് ബാഹ്യചോദകം) തുല്യപ്പെടുത്തുവാൻ സാധ്യമല്ല എന്നു് ഫ്രോയ്ഡ് പറയുന്നു (SE 22: 96).

## 2. അടിച്ചമർത്തലും നാഗരികതയും

ശാരീരികവും മാനസികവുമായ വേദനാജനകങ്ങളായ ആഘാതങ്ങളിൽനിന്നു് തന്നെത്തന്നെ സംരക്ഷിക്കുന്നതിനായി വ്യക്തി സ്വമനസ്സാലെയല്ലാത്ത പല മാർഗ്ഗങ്ങളും സ്വീകരിക്കുന്നു എന്നാണു് ഫ്രോയ്ഡിന്റെ അഭിപ്രായം. ആഗ്രഹിക്കാത്ത വാസനാപരങ്ങളായ ആവശ്യങ്ങൾ ബഹിഷ്കരിക്കുകയും ബോധമനസ്സിൽനിന്നു് പുറന്തള്ളുകയും ചെയ്തുകൊണ്ടു് വിവിധ പ്രതിരോധോപാധികൾ വ്യക്തിയുടെ മനസ്സുപയോഗിക്കുന്നു. മനസ്സിനു് ഇതു് നേരിട്ടു് ചെയ്യാൻ സാധിക്കാതെ വരുമ്പോൾ അതിനെ അടിച്ചമർത്താനായി പലേ ഉപാധികളും സ്വീകരിക്കുന്നു. അത്തരം ഉപാധികളിൽ ഏററവും ലഘുവായതാണു് അടിച്ചമർത്തൽ (Repression). ഫ്രോയ്ഡിനെ സംബന്ധിച്ചിടത്തോളം ഈ അടിച്ചമർത്തൽ ബോധപൂർവ്വമായ അനുസ്മരണത്തിനപ്പുറമാണു് (SE 14: 143). പക്ഷെ മാർക്യൂസ് തുടങ്ങിയ ചിന്തകർ അടിച്ചമർത്തൽ എന്ന പദം നിയന്ത്രണത്തിന്റെയും അവരോധിക്കലിന്റെയും ബോധപൂർവ്വവും അബോധപൂർവ്വവും ബാഹ്യവും ആന്തരികവും ആയ പ്രക്രിയകളെ സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ടു് (EC7) ഈ പശ്ചാത്തലത്തിൽ അടിച്ചമർത്തലും നാഗരികതയും വളരെ ബന്ധപ്പെട്ടിരിക്കുന്നു. എന്താണു് നാഗരീകത? ''നമ്മുടെ മുൻഗാമികളുടെ ജീവിതത്തിൽനിന്നു നമ്മുടെ ജീവിതത്തെ വ്യത്യസ്തപ്പെടുത്തി കാണിക്കുന്നതും പ്രകൃതിക്കെതിരായി മനുഷ്യ

നെ സംരക്ഷിക്കുകയും അവരുടെ പരസ്പരബന്ധത്തെ ക്രമീകരിക്കുകയും ചെയ്യുക എന്ന ദ്വിലക്ഷ്യങ്ങളെ സഹായിക്കുന്നതുമായ നേട്ടങ്ങളുടേയും നിയന്ത്രണങ്ങളുടേതുമായ സമാഹാരമാണ്'' നാഗരികത എന്ന് ഫ്രോയ്ഡ് പറയുന്നു (SE 21: 89). ഈ അർത്ഥത്തിൽ, ഫ്രോയ്ഡിന് സംസ്കാരവും നാഗരികതയും തമ്മിൽ വ്യത്യാസമില്ല.

## 3· വാസനാതത്വങ്ങൾ

ഒരു വ്യക്തിയിൽ സ്ഥിതി ചെയ്യുന്നതും അവന്റെ പ്രവർത്തനത്തേയും പ്രതിപ്രവർത്തനത്തേയും നിശ്ചയിക്കുന്നതുമായ വാസനാപരമായ പ്രേരിപ്പിക്കലിൽ നിന്ന് അവൻ എന്ത് നേടിയെടുക്കുന്നു എന്നതല്ല ഇവിടെ ശ്രദ്ധേയമായുള്ളത്. ഒരു സംഘട്ടനത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് മനുഷ്യവ്യക്തിത്വത്തിലുള്ള ഈ പ്രേരിപ്പിക്കലിനെ ഫ്രോയ്ഡ് സമീപിക്കുക. മനുഷ്യവ്യക്തിത്വത്തിലുള്ള ഈ സംഘട്ടനാത്മകമായ ഘടകം മനോജീവിതത്തിലെ പ്രത്യേക പ്രകടനങ്ങളായ ന്യൂറോട്ടിക് ഞെരുക്കങ്ങളും സ്വപ്നജീവിതവും നിരീക്ഷിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വാസനാതത്വം രൂപീകരിക്കുന്നതിലുള്ള വിഷമതകളേപ്പററി ഫ്രോയ്ഡ് വേണ്ടുവോളം ബോധവാനാണ്. വാസനകളെക്കുറിച്ച് അവ്യക്തമായ അറിവേയുള്ളു എന്ന ബോധ്യം നിമിത്തം അതിനെപ്പററിയുള്ള തന്റെ മനഃശാസ്ത്രപരമായ അറിവിനെക്കുറിച്ച് അദ്ദേഹം അസംതൃപ്തനാണ്.

വാസനകളെപ്പററിയുള്ള മൂന്നു തത്വങ്ങളാണ് ഫ്രോയ്ഡ് രൂപീകരിക്കുന്നത്. ആദ്യമായി, വാസനകളുടെ സ്രോതസ്സിനെ ആസ്പദമാക്കി രണ്ട് പ്രാഥമിക വാസനകളെ അദ്ദേഹം എടുത്തു കാണിക്കുന്നു: അഹംവാസനയും, ലൈംഗീകവാസനയും. വിവിധങ്ങളായ കാമോത്തേജക മേഖലകളിൽ നിന്ന് രൂപം പ്രാപിച്ചിരിക്കുന്നതും വ്യക്തിയുടെ വളർച്ചയുടെ ഘടകങ്ങളിലെ ജീവശാസ്ത്രപരമായ നിയമങ്ങൾക്ക് അനുസൃതമാമായി പുരോ

ഗമിച്ചിരിക്കുന്നതുമായ ലൈംഗികവാസനയുടെ വിവിധ ഘടകങ്ങളിൽ ഫ്രോയ്ഡിൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. അഹംവാസനകൾ താരതമ്യേന ബോധപൂർവ്വകമായവയായി ഫ്രോയ്ഡ് കണക്കാക്കിയിരുന്നു.

അഹത്തിൽ കനത്ത ആഘാതങ്ങൾ ഏല്പിക്കുന്ന സൈക്കോസിസ് പോലുള്ള മനഃശാസ്ത്രപരമായ ബുദ്ധിമുട്ടുകൾ അഹംവാസനയും ലൈംഗീകവാസനയും തമ്മിലുള്ള ബന്ധത്തെ പുന:പരിശോധിക്കുവാൻ ഫ്രോയ്ഡിനെ പ്രേരിപ്പിച്ചു. വ്യക്തിയുടെ ജീവിതാരംഭത്തിൽ വാസനകൾക്ക് യാതൊരു വിഷയവുമില്ലെന്നും അഹവും ബാഹ്യവിഷയവും തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ലെന്നും വാസനോർജ്ജം സാത്മപ്രേമോർജ്ജമായി മാറിയേക്കാവുന്ന അവസ്ഥയുണ്ടെന്നും ഫ്രോയ്ഡ് മനസ്സിലാക്കി (S E 22: 102). ഈ കാഴ്ചപ്പാടിൽ അഹമോർജ്ജത്തെ കാമാസക്തിയുമായി താദാത്മ്യപ്പെടുത്തുന്നതിനാൽ അഹമോർജ്ജത്തിൻെറ സ്വതന്ത്രനിലയെ ഇല്ലാതാക്കുന്നു.

എന്നാൽ 1920—നുശേഷം വാസനകളെപ്പററിയുള്ള മൂന്നാമത്തെ തത്വം ഫ്രോയ്ഡ് രൂപീകരിച്ചു. ഇവിടെ രണ്ട് വാസനശക്തികളെ അദ്ദേഹം കൊണ്ടുവരുന്നു: ജൈവവാസനയും മരണവാസനയും. അഹംവാസനയും ലൈംഗികവാസനയും തമ്മിലുള്ള എതിർപ്പ് ജൈവവാസനയും മരണവാസനയും തമ്മിലുള്ള എതിർപ്പായിത്തീരുന്നു. മരണവാസനയുടെ ലക്ഷ്യം ബന്ധങ്ങൾ അഴിക്കുകയും അങ്ങനെ വസ്തുക്കളെ നശിപ്പിക്കുകയുമാണെങ്കിൽ, ജൈവവാസനയുടെ ലക്ഷ്യം ഐക്യം സ്ഥാപിക്കുകയും വസ്തുക്കളെ സംരക്ഷിക്കുകയുമാണെന്ന് ഫ്രോയ്ഡ് പറയുന്നു (S E 23: 148). ഈ വീക്ഷണത്തിൽ അക്രമാസക്ത പ്രവണതകൾക്ക് സ്വതന്ത്രമായ നിലനില്പ് അദ്ദേഹം കല്പിക്കുന്നു.

വാസനയും യാഥാർത്ഥ്യവും തമ്മിലും ജീവരൂപവും ബാഹ്യയാഥാർത്ഥ്യവും തമ്മിലുമുള്ള മത്സരം വാസനാതത്വത്തെപ്പററിയുള്ള ഇക്കഴിഞ്ഞ അപഗ്രഥനം വ്യക്തമാക്കുന്നു.

ഈ മത്സരം അഥവാ മല്പിടുത്തം വാസനാപരമായ ശക്തി കളിൽ അനുരൂപണപ്പെടുത്തൽ സംജാതമാകുന്നു. ജീവ രൂപവും യാഥാർത്ഥ്യവും തമ്മിലുള്ള സംഘട്ടനത്തിന്റെ അപഗ്രഥനത്തിലാണ് ഫ്രോയ്ഡിന്റെ മനുഷ്യനെപ്പ റ്റിയുള്ള ആശയവും നാഗരികതയുടെ വിമർശനവും പ്ര ത്യക്ഷപ്പെടുക. ജൈവവാസനയും മരണവാസനയും തമ്മി ലും ആനന്ദതത്വവും യാഥാർത്ഥ്യതത്വവും തമ്മിലുമുള്ള മല്പിടുത്തമാണ് നാഗരികതയേയും അടിച്ചമർത്തലിനേയും സൃഷ്ടിക്കുന്നത്.

# 4. മനസ്സും യാഥാർത്ഥ്യവും

## 1 ആനന്ദതത്വവും യാഥാർത്ഥ്യതത്വവും

മനസ്സിന്റെ സംഘട്ടനപരമായ സ്വഭാവം എപ്രകാ രമാണ് ഫ്രോയ്ഡ് വെളിപ്പെടുത്തുന്നതെന്ന് നാം കണ്ടു കഴിഞ്ഞു. ഫ്രോയ്ഡിന്റെ സിദ്ധാന്തത്തിൽ മാനസിക പ്രവർത്തനത്തിന്റെ രണ്ടു തത്വങ്ങൾ തമ്മിലുള്ള എതിർപ്പി ലാണ് ഈ സംഘട്ടനങ്ങൾ രൂപീകരിച്ചിരിക്കുന്നത്. അതായത്, വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധ ത്തെ പ്രകടിപ്പിക്കുന്ന ആനന്ദതത്വവും യാഥാർത്ഥ്യ തത്വവും.

അടിസ്ഥാനപരമായും ആനന്ദത്തെ അനുധാവനം ചെയ്യുന്ന ഒരു ഉണ്മയായി മനുഷ്യനെ ഫ്രോയ്ഡ് ചി ത്രീകരിക്കുന്നു. ആനന്ദത്തിനും സംതൃപ്തീകരണത്തിനുമാ യുള്ള ഈ തൃഷ്ണ കണക്കുകൂട്ടപ്പെട്ടതല്ലാ, പുനർചിന്തനം ചെയ്യപ്പെട്ടതുമല്ല. പ്രത്യുത, അത് അബോധത്തിലുള്ളതാ ണ്. അബോധമനസ്സിന്റെ പ്രക്രിയകൾ വളരെ പ്രാ ചീനവും പ്രാഥമികവുമാണെന്ന് ഫ്രോയ്ഡ് കരുതുന്നു. ഈ പ്രാഥമിക പ്രക്രിയകളെ സ്വാധീനിക്കുന്ന പ്രധാന ലക്ഷ്യമായി വിശദീകരിച്ചിരിക്കുന്നത് ആനന്ദ—ദുഃഖ തത്വങ്ങളാണ്, പ്രത്യേകിച്ച് ആനന്ദതത്വം (SE 12: 219) ആനന്ദതത്വം ആനന്ദത്തിനായി കേഴുന്നു, ദുഃഖത്തെ ഉപേ ക്ഷിക്കുന്നു. ജീവാവയവം വാസനാപരമായ ഘടനയാൽ ആനന്ദത്തിലേക്ക് നയിക്കപ്പെടുന്നു.

എന്നാൽ ആരംഭം മുതലെ മനസ്സിനെ തന്റെ മേധാവിത്വത്തിൻ കീഴിലാക്കിയിരിക്കുന്ന ആനന്ദതത്വം ബാഹ്യലോകത്തിന്റെയും പ്രപഞ്ചത്തിന്റെയും എതിർപ്രവർത്തനത്തിന് ഇരയാകുന്നു. പരിണിതഫലമായി, ആനന്ദതത്വത്തിന്റെ പദ്ധതി പൂർത്തീകരിക്കാൻ സാധ്യമല്ലെന്ന് വ്യക്തിക്ക് ബോധ്യമാവുന്നു. ആനന്ദതത്വത്തെ എതിർക്കുന്ന യാഥാർത്ഥ്യതത്വത്തെ എങ്ങിനെയാണ് മനസ്സിലാക്കേണ്ടതു്? ആനന്ദതത്വത്തിന്റെ ആശയപരമായ ഒരു വിശദീകരണം നൽകുക അത്ര എളുപ്പമല്ല. സ്വപ്നത്തോടും മിഥ്യാഭാവനയോടും താരതമ്യപ്പെടുത്തിക്കൊണ്ടു് എന്താണ് യാഥാർത്ഥ്യമെന്ന് വിശദീകരിക്കാൻ ഫ്രോയ്ഡ് പരിശ്രമിക്കുന്നു. മനസ്സിന് ബാഹ്യലോകത്തിലുള്ള യഥാർത്ഥ പരിതസ്ഥിതിയെയാണ് അല്ലാതെ സ്വപ്നം പോലുള്ള ചുററുപാടിനെയല്ല അഭിമുഖീകരിക്കേണ്ടതായിട്ടു വരിക. മനസ്സു കണ്ടുമുട്ടുന്ന ഈ യാഥാർത്ഥ്യം സ്വീകാര്യയോഗ്യമായ ഒന്നല്ല, അസ്വീകാര്യമായ ഒന്നത്രെ. ഫ്രോയ്ഡിന്റെ മനോവിശ്ലേഷണത്തിലെ യാഥാർത്ഥ്യതത്വത്തിന് സ്ഥലപരമോ കാലികമോ ആയ വസ്തുനിഷ്ഠതയേക്കാൾ അന്തർവൈയക്തിക ബന്ധങ്ങളോടാണ് (Inter subjectivity) കൂടുതൽ അടുപ്പം. കാരണം പിരിമുറുക്കവും സംഘട്ടനങ്ങളും മററു മനുഷ്യരുടെ സാന്നിദ്ധ്യത്തിലാണ് കൂടുതൽ ഉണ്ടാവുന്നതു്.

മനുഷ്യന്റെ സമൂഹപരമായ ജീവിത പുരോഗതിയിൽ ധീരോദാത്തമായ ഒരു കാൽവയ്പാണ് യാഥാർത്ഥ്യതത്വത്തിന്റെ ആവിർഭാവമെന്ന് ഫ്രോയ്ഡ് വിശ്വസിക്കുന്നു. അവബോധവും പ്രവൃത്തിയും ചിന്തയും ജനിപ്പിക്കുന്ന ബാഹ്യലോകത്തിലേക്ക് ഉന്നം വച്ചിരിക്കുന്ന ഇന്ദ്രിയാവയവങ്ങളുടെ പ്രാധാന്യത്തെ ബാഹ്യയാഥാർത്ഥത്തിന്റെ സാന്നിദ്ധ്യം ഉയർത്തുന്നു. യാഥാർത്ഥ്യപരീക്ഷണത്തിൽനിന്നു് വിമുക്തമായിരിക്കുന്നു. ഏകതലം ആനന്ദതത്വത്തിന് വിധേയമായിക്കഴിയുന്ന ദിവാസ്വപ്നത്തിന്റെ പ്രവർത്തനമാണെന്നാണ് ഫ്രോയ്ഡിന്റെ മതം.

അങ്ങനെ യാഥാർത്ഥ്യതത്വത്തിന്റെ സ്വാധീന ത്തിൻ കീഴിൽ മനുഷ്യൻ അഭൂതപൂർവ്വകമായ ശാരീരിക മാനസിക മാററങ്ങൾക്ക വിധേയനായിക്കഴിയുന്നു. അവന്റെ സ്വഭാവത്തിന്റെ സമൂല പരിവർത്തനത്തിലൂ ടെയേ മനുഷ്യമൃഗം യാഥാർത്ഥ മനുഷ്യനായിത്തീരുന്നുള്ളു. സാമൂഹ്യചരിത്രപരമായ ബാഹ്യലോകത്തിന്റെ സ്വാ ധീനം മൂലം മൃഗീയവാസനകൾ മനുഷ്യവാസനകളായി ത്തീരുന്നു. മനുഷ്യമൃഗത്തെ മനുഷ്യജീവിയായും സംസ്കാ രമായും പരിവർത്തനപ്പെടുത്തുന്ന വാസനകളുടെ ക്ഷിപ്ര വ്യതിയാനമാണ് പ്രധാനപ്പെട്ട മനോവിശ്ലേഷണ ആശയങ്ങളായ ഉദാത്തീകരണം, പ്രക്ഷേപണം, ബോധ പൂർവ്വമുള്ള നിരസിക്കൽ മുതലായവ വ്യക്തമാക്കുന്നത്.

സമ്പൂർണ്ണവും വേദനാരഹിതവുമായ വിധം തന്റെ ആവശ്യങ്ങളുടെ സംതൃപ്തീകരണം അസാധ്യമാണെന്ന് മനുഷ്യജീവി മനസ്സിലാക്കുന്നു. അതിനാൽ, ''അനി ശ്ചിതമായ ഫലത്തോടുകൂടിയ നൈമിഷിക സന്തോ ഷം ഉപേക്ഷിക്കപ്പെടുന്നു. ഇത് പിൽക്കാലത്ത് പുതി യ പാതയിലൂടെ സുനിശ്ചിതമായ സന്തോഷത്തെ പ്രാപിക്കുവാനാണെന്ന്'' മനുഷ്യൻ മനസ്സിലാക്കുന്നു (SE 12: 223). ഇത്തരം രൂപാന്തരീകരണത്തേയാണ് ആനന്ദതത്വത്തിൽനിന്ന് യാഥാർത്ഥ്യതത്വത്തിലേക്കുള്ള രൂപാന്തരീകരണം എന്ന് ഫ്രോയ്ഡ് വിളിക്കുന്നത്. യാഥാർത്ഥ്യതത്വം ആനന്ദതത്വത്തെ നിഷേധിക്കുന്നതി നോടൊപ്പം അതിനു് സുദീർഘവും ആപേക്ഷികവുമായ സംതൃപ്തി നൽകിക്കൊണ്ട് അതിനെ ''സംരക്ഷിക്കു ക''യും ചെയ്യുന്നു. എന്തെന്നാൽ ആനന്ദതത്വത്തിനാ യിത്തന്നെ ജീവിക്കുന്ന വ്യക്തിക്ക് ദീർഘകാലത്തേക്ക് നിലനില്ക്കുവാനാവില്ല. ആനന്ദതത്വം യാഥാർത്ഥ്യതത്വ ത്താൽ കീഴ്പ്പെടുത്തപ്പെടുന്നത് മനുഷ്യന്റെ പുരോഗ തിയിലെ ഏററവും വേദനാജനകമായ സംഭവമാണെ ങ്കിലും ഇതുമൂലം നശീകരണവാസനയുടെ മാറാലയായി രുന്ന മനുഷ്യജീവി ഒരു ഏകീകൃത അഹമായിത്തീരുന്നു.

## 2 ജൈവവാസനയും ആവശ്യകതയും

യാഥാർത്ഥ്യതത്വത്തിന്റെ സ്വാധീനത്തിൻ കീഴിൽ ആനന്ദതത്വം കീഴ്പ്പെടുകയും രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്നു. ആനന്ദത്തെ ഉപേക്ഷിക്കുന്നതു് അതിനെ നേടിയെടുക്കുന്നതിനോളം പ്രധാനപ്പെട്ടതാണെന്നു് അഹംവാസനകൾ കണ്ടുപിടിക്കുന്നു. അതായതു്, ആനന്ദതത്വത്തിൽനിന്നു് യാഥാർത്ഥ്യതത്വത്തിലേക്കുള്ള മാററം അഹത്തിന്റെ പുരോഗതിയിലെ ഒരു പ്രധാന പടിയാണു്. അതോടൊപ്പം ആനന്ദത്തിന്റെ കുറവും സംഭവിക്കുന്നു. എങ്ങനെ? യാഥാർത്ഥ്യതത്വത്താൽ വാസനകളുടെ അടിച്ചമർത്തപ്പെട്ട മാററപ്പെടുത്തൽ പ്രാവർത്തികമാക്കുന്നതും പ്രബലപ്പെടുത്തുന്നതും ജീവിതത്തിന്റെ അടിയന്തിരാവശ്യങ്ങൾ—നിരന്തരമായ ജീവിതപോരാട്ടം—കൊണ്ടാണെന്നു് ഫ്രോയ്ഡ് കരുതുന്നു. നിത്യമായ ഈ നിയന്ത്രണത്തിനുള്ള പ്രേരണ ''അന്തിമമായും സാമ്പത്തികമായ ഒന്നാണു്. സമൂഹത്തിലെ അംഗങ്ങൾ ജോലിചെയ്യാതെ ജീവിക്കുവാൻ തക്കതായ സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ അംഗങ്ങളുടെ സംഖ്യയെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു; അവരുടെ ഊർജ്ജത്തെ ലൈംഗീകപ്രവൃത്തിൽനിന്നു് ജോലിയിലേക്കു് തിരിക്കേണ്ടിയിരിക്കുന്നു'' (SE16: 312). മനുഷ്യജീവികളുടെ സംഘാതജീവിതത്തിനു് ദ്വിമാന അടിസ്ഥാനമുണ്ടന്നാണു് ഫ്രോയ്ഡിന്റെ അഭിപ്രായം: പരിത്യജിക്കപ്പെടേണ്ടതായ സ്നേഹത്തിന്റെ ശക്തിയും ബാഹ്യ ആവശ്യത്തിൽ സംജാതമാക്കപ്പെട്ടു് പ്രവൃത്തിക്കുവാനുള്ള നിർബന്ധവും. അങ്ങനെ ഫ്രോയ്ഡിനെ സംബന്ധിച്ചിടത്തോളം ജൈവവാസനയും (Eros) ആവശ്യകതയും (Ananke) നാഗരികതയുടെ മാതാപിതാക്കളാണു്. ആനന്ദതത്വത്തിന്റെ കീഴിൽ അവരുടെ വാസനകളെ സ്വതന്ത്രമായി സംതൃപ്തമാക്കുവാൻ സാധിക്കുകയില്ലെന്നു് ആവശ്യകത മനുഷ്യനെ പഠിപ്പിക്കുന്നു. സംസ്കാരം രതി (Eros)യുടെയും ആവശ്യകതയുടെയും ഫലമാണു്.

## 1). അടിച്ചമർത്തുന്ന നാഗരികത

വാസനകപ്പെററിയും യാഥാത്മ്യത്തെപ്പററിയും അടിച്ചമത്തലിനെപ്പററിയുമുള്ള ഫ്രോയ്ഡിൻെറ ആശയങ്ങൾ വ്യക്തിയുടെ വിധി(Fate)യിന്മേൽ വെളിച്ചം വീശുന്നു. എന്നാൽ ഈ അടിച്ചമത്തലിൻെറ സമ്പൂണ്ണ ആഘാതം മനസ്സിലാക്കാനായി അടിച്ചമത്തുന്ന നാഗരികതയുടെ വളർച്ചയെ അനുഗമിക്കേണ്ടത് ആവശ്യമാണ്.

## 1. വ്യക്തി മനഃശാസ്ത്രവും സമൂഹ മനഃശാസ്ത്രവും.

മതസംഭവങ്ങളുടെ ഉത്ഭവത്തെ സൂചിപ്പിച്ചുകൊണ്ട് അവയും ഞരമ്പുരോഗങ്ങളും തമ്മിലുള്ള താരതമ്യപഠനം "Moses anb Monotheism" (1634–38) എന്ന കൃതിയിൽ ഫ്രോയ്ഡ് നടത്തുന്നുണ്ട്. വ്യക്തിമനഃശാസ്ത്രത്തിൻെറ ഒരു ഭാഗമായ മനോരോഗശാസ്ത്രത്തിൽ (psychopathology) ഞരമ്പുരോഗത്തിൻെറ ഉത്ഭവവും പ്രതിപാദ്യമാണ്. എന്നാൽ മതപരമായ പ്രതിഭാസങ്ങൾ സമൂഹ മനഃശാസ്ത്രത്തിൻെറ ഭാഗമായിതീരുന്നു. ഇത് വ്യക്തിമനഃശാസ്ത്രത്തിൽ നിന്നു് സമൂഹ മനഃശാസ്ത്രത്തിലേയ്ക്കുള്ള കടക്കലിനെ തടസ്സപ്പെടുത്തുന്നു. ഈ പരിശ്രമത്തിൽ രണ്ട് പ്രധാന ബുദ്ധിമുട്ടുകൾ ഫ്രോയ്ഡ് കാണുന്നുണ്ട് (SE 23:92). ഒന്നാമതായി, മതസാഹിത്യം ധാരാളമുള്ള യഹൂദമതത്തിൽ നിന്നു് ഒരേയൊരു ഉദാഹരണം മാത്രമാണ് അദ്ദേഹം പ്രതിപാദിക്കുന്നതു്. തനിക്കു പരിചയമുള്ളതും അറിയാവുന്നതുമായതിനെ അപഗ്രഥിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെടുക. രണ്ടാമതായി പ്രവൃത്ത്യോന്മുഖ പാരമ്പര്യം വ്യക്തികളുടെ ജീവിതത്തിൽ ഏതുരൂപമാണ് കൈക്കൊള്ളുക എന്ന ചോദ്യം ഇത് ഉദിപ്പിക്കുന്നു.

വ്യക്തികളെ സംബന്ധിച്ചിടത്തോളം അവൻെറ ആദ്യകാല ശൈശവാനുഭവങ്ങളെക്കുറിക്കുന്ന സ്മരണകൾ

(Memory traces) അവനിൽ സംരക്ഷിയ്ക്കപ്പെട്ടിരിക്കുകയാണെന്നു് പറയാം. എന്തെന്നാൽ ''മറക്കപ്പെട്ടതു് നശിപ്പിക്കപ്പെടുന്നില്ല, പ്രത്യുത അടിച്ചമത്തപ്പെടുകയാണു്'' (SE 23:94) ഇതര പ്രക്രിയകളുമായി സംസർഗ്ഗത്തിൽ ഏർപ്പെടുവാൻ കഴിയില്ലെങ്കിലും അടിച്ചമത്തപ്പെട്ടതു് അവബോധത്തിലേക്കു് എത്തുവാനുള്ള അതിപ്രയത്നം തുടരുന്നു. അടിച്ചമത്തപ്പെട്ടതിനു് അവബോധത്തിലേക്കു് എത്തുവാനുള്ളമാർഗ്ഗമായി മൂന്നു വ്യവസ്ഥകൾ ഫ്രോയ്ഡ് കൊണ്ടുവരുന്നു. ഉറക്കത്തിൽ സംഭവിക്കുന്നതുപോലെ അഹത്തെ മറികടക്കുന്ന മനോരോഗപ്രക്രിയകൾ മൂലം Anti-catexis ൻെറ ശക്തിക്ഷയിപ്പിയ്ക്കുകയാണെങ്കിൽ; യൗവനകാലത്തു് സംഭവിക്കുന്നതു അടിച്ചമത്തപ്പെട്ടതിനോടു് ബന്ധപ്പെട്ട വാസനാപരമായഘടകങ്ങൾ ഒരു പ്രത്യേകശക്തി സ്വീകരിക്കുകയാണെങ്കിൽ; അവസാനമായി, സമീപകാല അനുഭവത്തിൽ ഏതെങ്കിലും സമയത്തു് അടിച്ചമർത്തപ്പെട്ടതിനോടു് വളരെ അടുത്തതും അവയെ ഉണർത്താൻ പര്യാപ്തവുമായ അനുഭവമോ മതിപ്പുകളോ ഉണ്ടാവുകയാണെങ്കിൽ. എന്നാൽ അവയിൽ പ്രതിബന്ധങ്ങൾ ഉണ്ടായേക്കാം. അടിച്ചമത്തപ്പെട്ടവയെല്ലാം അബോധങ്ങളാണെന്നുള്ളതു സത്യമാണു്. എന്നാൽ അഹത്തോടുബന്ധപ്പെട്ടവയെല്ലാം സുബോധത്തിലാണു് എന്നതു് അസത്യവുമാണു് (SE 23:96)

മനോജീവിതത്തെ പല ''ഭാഗങ്ങളായി'' വിഭജിച്ചിരിക്കുന്ന, പ്രത്യേകിച്ച് സ്ഥലവിവരപരവും ഉത്ഭവപരവുമായവയുടെ വിഭജനം കൂടുതൽ വിശദീകരണങ്ങളിലേക്കു് എത്തിയ്ക്കുന്നു. ''ഇദ്ദാ''ണു് കൂടുതൽ പുരാതനം. ബാഹ്യലോകത്തിലൂടെ ''ഇദ്ദി''ൽ നിന്നാണു് അഹത്തിൻെറ വളർച്ച എന്നു കാണുന്നു. ഇദ്ദിലാണു് നമ്മുടെ പ്രാഥമിക വാസനകളെല്ലാം പ്രവത്തന ക്ഷമമായിരിയ്ക്കുന്നതു്. ഇദ്ദിലെ എല്ലാ പ്രക്രിയകളും സംഭവിക്കുന്നതു് അബോധപൂർവ്വമായിട്ടാണു്. അടിച്ചമത്തപ്പെതു് ഇദ്ദിലാണു് കാണപ്പെടുക.

ജനങ്ങളുടെജീവിതത്തെപ്പററി ഫ്രോയ്ഡ് എന്തു പറയുന്നു? സഹസ്രാബ്ദങ്ങളിലൂടെ അജ്ഞരായ ജനങ്ങൾക്ക് വാചികപാരമ്പര്യ(Oral Tradition)ത്തെ മറക്കുവാനും അവയ്ക്കു വിരാമമിടാനുമുള്ള സാദ്ധ്യതയുണ്ട് ഈ സാദ്ധ്യതയെ ഇല്ലാതാക്കുവാനാണ് ഫ്രോയ്ഡ് അവസാനമായി പാര്യമ്പര്യ പൈതൃകം (archaic heritage) എന്ന സിദ്ധാന്തംകൊണ്ടുവരുന്നതു്. ഈ കാര്യത്തിൽ വ്യക്തിയും സമൂഹവും തമ്മിൽ ഏതാണ്ട് പൂർണ്ണമായ താദാത്മ്യമുണ്ട്. ഗ്രൂപ്പുകളിൽ തന്നേയും ഭൂതകാലത്തെപ്പററിയുള്ള മതിപ്പുകൾ അബോധപൂർവ്വമായ സ്മരണകളിലാണ് നിലനിത്തിയിരുന്നതു് (SE 23: 94) എന്നു പ്രഖ്യാപിക്കുവാൻ ഈ സിദ്ധാന്തം സഹായിക്കുന്നു. വ്യക്തി സ്വയമേ അനുഭവിച്ചിട്ടുള്ളതുമാത്രമല്ല അവൻെറ ജനനത്തിൽ അവനിൽ സന്നിഹിതമായിരുന്ന വസ്തുക്കളും പാരമ്പര്യപൈതൃകമാണ്— മനോജീവിതത്തിൽ പ്രവത്തനക്ഷമമായിരിക്കുന്നതെന്ന് കരുതാവുന്നതാണ്. ശിശുക്കൾ തങ്ങളുടെ മാതാപിക്കളോടുള്ള പെരുമാററത്തിൽ 'ഈഡിപ്പസ് മനോഗ്രന്ഥി,' 'ശിശ്ന ലോപമനോഗ്രന്ഥി' തുടങ്ങിയവ പ്രത്യേകമായ പ്രതികാരത്തിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുത്തുന്നു. വ്യക്തിപരമായജീവിതത്തിൽ അവയെ നീതികരിക്കാനാവില്ല. അവ വൗോൽപത്തിപരമായ ഗ്രഹ്യമാവൂ, അതായത് മുൻതലമുറയുടെ അനുഭവത്തോടുള്ള ബന്ധം മൂലമേ ഗ്രാഹ്യമാവൂ (SE 23: 44) അങ്ങിനെ ഒരു വിധത്തിൽ പറഞ്ഞാൽ നാഗരികത അതിൻെറ പാരമ്പര്യ പൈതൃകത്തിൽ നിണ്ണയിക്കപ്പെട്ടിരിക്കുന്നു. പാരമ്പര്യ പൈതൃകത്തിലുള്ള ഈ സ്മരണകളുടെ സങ്കല്പത്തിലൂടെയാണ് വ്യക്തിമനഃശാസ്ത്രവും, സമൂഹമനഃശാസ്ത്രവും തമ്മിലുള്ള ഗത്തം ഫ്രോയ്ഡ് ഇല്ലാതാക്കുന്നത്.

വ്യക്തിത്വത്തിൻെറ ഘടനയേപ്പററിയുള്ള അപഗ്രഥനം ആദ്യകാലശൈശവത്തിലേക്കും, പ്രാഗ്‌വ്യക്ത്യാനുവങ്ങളിലേക്കും മനുഷ്യ 'വഗ്ഗ'ത്തിലേയ്ക്കും എത്തിയ്ക്കുന്നു. പരിണതഫലമായി, സ്വാതന്ത്ര്യവ്യക്തിത്വം എന്ന ആ

ശയം തേയ്മാനമായിപോകുന്നു എന്നു് മാർക്യൂസ് പറയുന്നു (EC 51), കാരണം വ്യക്തിയെ വ്യക്തിയാക്കുന്ന അധോവ്യക്തിപരവും പ്രാഗ്‌വ്യക്തിപരവുമായ ഘടകങ്ങൾ വ്യക്തികളിൽ സാർവ്വത്രികതയുടെ ശക്തി വെളിപ്പെടുത്തുന്നു. അതുപോലെതന്നെ, ''ദൈവത്തിനെതിരായ പാപം നിമിത്തം മനുഷ്യൻ നഷ്ടമാക്കിയ പറുദീസായുടെ പ്രതീകത്തിലേയ്ക്കല്ല, പ്രത്യുത ഭൂമിയിലെ സ്വേച്ഛാധിപതിയായ പിതാവിനാൽ സ്ഥാപിക്കപ്പെടുകയും അദ്ദേഹത്തിനെതിരായി വിജയപ്രദമല്ലാത്തതും അപൂർണ്ണവുമായ വെല്ലുവിളികളിലൂടെ തുടരുകയും ചെയ്യുന്ന മനുഷ്യന്റെ മേൽ മനുഷ്യൻ നടത്തുന്ന ആധിപത്യത്തിലേക്കാണ്'' (EC 54)ഫ്രോയ്ഡിന്റെ സിദ്ധാന്തം എത്തിനില്ക്കുന്നതു്. ഇങ്ങനെയെങ്കിൽ ആദ്യപാപം മനുഷ്യനെതിരായിട്ടുള്ളതാണ്, കൂടുതലായി ഇതൊരു പാപമേയല്ല, കാരണം പാപിക്കെതിരായിട്ടാണ് ഈ പാപംചെയ്തിരിക്കുന്നതു്. ഈ സിദ്ധാന്തത്തിനു് നരവംശശാസ്ത്രപരമായ തെളിവുകൾ ഇല്ലെങ്കിൽ തന്നെ ആധിപത്യത്തിന്റെ ചരിത്രപരമായ ഡയലിററിക് ദർശിക്കുവാൻ ഈ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ സാധിക്കും.

## 2. മേധാവിത്വത്തിന്റെ അപഗ്രഥനം

ആദ്യകാലങ്ങളിൽ മനുഷ്യൻ ചെറിയഗണങ്ങളായി അധിവസിച്ചിരുന്നുവെന്നും മനുഷ്യചരിത്രം ആദ്യക്കൂട്ടത്തോടെ ആരംഭിച്ച്, അവിടെ ഏറെ ശക്തനായിരുന്ന പിതാവ് മേധാവിത്വത്തിലേക്കും സ്വേച്ഛാധിപത്യത്തിലേക്കും വന്നുകൊണ്ട് അദ്ദേഹത്തിന്റെ ആധിപത്യം സ്ഥാപിച്ചുവെന്നും ഫ്രോയ്ഡ് കരുതുന്നു (ഡാർവിന്റെ ഊഹത്തെ അടിസ്ഥാനപ്പെടുത്തി). പിന്നെ, തന്റെ കൂട്ടത്തിലെ മററംഗങ്ങളെ കീഴിൽ കൊണ്ടുവന്നുകൊണ്ട്, തനിയ്ക്കായി സ്ത്രീവർഗ്ഗത്തെ കുത്തകാവകാശമാക്കി മാററി. അവരെ അവരുടെ സുഖജീവിതത്തിൽനിന്നും അവൻ പുറംതള്ളി(SE 13:125). ഈ മേധാവിത്വം പുത്രന്മാരുടെ സ്ഥിതി കഠിനതരമാക്കുന്നു. ''അവർ പിതാവിന്റെ അസൂയയ്ക്കു് പാത്രമാകയാൽ കൊല്ലപ്പെടുകയോ, ഛേദി

ച്ച കളയപ്പെടുകയോ (castrated) സമൂഹത്തിൽനിന്നും പുറംതള്ളപ്പെടുകയോ ചെയ്യുന്നു. അവരുടെ ഏക ആശ്രയം ചെറിയ സമൂഹങ്ങളിലായി ഒന്നിച്ചു കൂടുകയോ കവർച്ചമൂലം ഭാര്യമാരെ തേടുകയോ ആണ്'' (SE 23:81). ഈ വ്യവസ്ഥിതി പുരോഗതിയുടെ പാത തുറക്കുന്നു. ആനന്ദത്തിന്മേൽ പിതാവ് ചെലുത്തുന്ന നിയന്ത്രണം പുത്രന്മാരെ നിർബ്ബന്ധിത പരിത്യാഗത്തിൽ എത്തിയ്ക്കുന്നു. ദൗർലഭ്യത്തെ രണ്ടു വശങ്ങളിൽക്കൂടി തടയുന്നു: പിതാവിനാൽ ജനനനിയന്ത്രണവും, പുത്രന്മാരാൽ പ്രത്യുൽപാദനപരമായ പ്രവൃത്തിയും. അങ്ങനെ ഭാവിയുടെ അച്ചടക്കമുള്ള 'തൊഴിൽ ശക്തി'യെ സംജാതമാക്കികൊണ്ട് നാഗരികതയുടെയും അതിൻെറ പുരോഗതിയുടേയും മാതൃക നല്കുന്നു.

പിതാവ് തൻെറ ആധിപത്യത്തെ സംരക്ഷണം, സുരക്ഷിതത്വം, സ്നേഹം മുതലായവയിലൂടെ നിയന്ത്രിക്കുന്നു. പിതാവ് (ജീവശാസ്ത്രപരമായ) സ്നേഹത്തിൻേറയും (സമൂഹശാസ്ത്രപരമായ) വിദ്വേഷത്തിൻേറയും പ്രതിബിംബമായി തീരുന്നു. കാരണം, സ്വേഛാധിപതി പിതാവാണ്, എന്നാൽ പുത്രന്മാർ തങ്ങളുടെ പിതാവിനെ മാററുവാനും അദ്ദേഹത്തിൻെറ സുഖത്തോടും അധികാരത്തോടും താദാൽമ്യപ്പെടാനും വ്യഗ്രത കാണിക്കുന്നു. പിതാവിൻെറ സ്വേഛാധിപത്യപരമായ ആധിപത്യത്തിനെതിരെ, വിമോചനത്തിനുവേണ്ടിയുള്ള നിർണ്ണായകമായ വെല്ലുവിളി വരുന്നു. ''പുറന്തള്ളപ്പെട്ട സഹോദരന്മാർ പിതാവിനെ കീഴ്പ്പെടുത്തുവാനായി ഒന്നിച്ചു ചേരുകയും അദ്ദേഹത്തെ നശിപ്പിക്കുകയും ചെയ്യുന്നു.'' (SE 23:81). എന്നാൽ സഹവർത്തിത്വത്തിനായുള്ള മല്പിടുത്തത്തിൽ പിതാവിൻെറ വിശേഷാധികാരാവകാശങ്ങളെ പുനഃസ്ഥാപിക്കുന്നു. പിതാവ് തങ്ങളുടെമേൽ നേരത്തെ അടിച്ചേല്പിച്ച പരിത്യജിക്കലുകൾ സഹോദരന്മാർ സ്വതന്ത്രമായി അവരുടെമേൽ ചുമത്തുന്നു. പൈതൃകാധിപത്യത്തിൻെറ ഈ ആന്തരീകരണം മൂലമാണ് സംസ്കാരവും, നാഗരികതയും, ധാർമ്മികതയും മനഃസ്സാക്ഷിയും ഉണ്ടാകുന്നത്. അതുപോലെ, കുററബോധ

ത്തിൻെറ ഉത്ഭവവും ശ്രദ്ധാർഹമാണ്. കുററബോധ ത്തിലൂടെ ആധിപത്യം സംസ്ക്കാരത്തിൻെറ പുരോഗ തിയിൽ ഉടനീളം തുടർന്നുകൊണ്ടേയിരിക്കുന്നു.

പിതാവിൻെറ അടിച്ചമർത്തൽ സ്വയം സ്വീകൃത അടിച്ചമർത്തലായി രൂപാന്തരപ്പെടുന്നു. സഹോദരന്മാർക്ക് ഒരേ ഒരു പോംവഴിയേ അവശേഷിക്കുന്നുള്ളു. അവർ ഒന്നുകിൽ പിതാവിന് മുമ്പുള്ളതും ഗ്രൂപ്പിനു ഹാനികരവു മായ അധ:ചരിത്രപരമായ ആനന്ദതത്വത്തെ പുനരുദ്ധ രിക്കണം. അല്ലെങ്കിൽ ധാർമ്മികതയിലൂടെയും അവകാ ശത്തിലൂടെയും പ്രമുഖാവശ്യങ്ങളുടെ അനന്തമായ സംതൃ പ്തിയ്ക്ക് സഹായകമാകുന്ന ഒരു ക്രമം അവർ ഉണ്ടാക്കണം.

നാഗരികതയുടെ പുരോഗതിയുടെ പാതയിൽ മാ തൃമേധാവിത്വ കാലഘട്ടം പിതൃസ്വേച്ഛാധിപത്യത്തിനു മുമ്പെ പോകേണ്ടിയിരിക്കുന്നു എന്നുള്ളത് ഫ്രോയ്ഡി ൻെറ സിദ്ധാന്തത്തിലെ ഒരു പ്രമുഖ ഘടകമായി പല രും കണക്കാക്കുന്നു. നാഗരികതയുടെ പുരോഗതിയിൽ സ്വാതന്ത്ര്യം ഒരു വിമോചനം എന്ന നിലയിൽ മാത്ര മാണ് സാധ്യമാകുന്നത്. സ്വാതന്ത്ര്യം ആധിപത്യത്തെ അനുഗമിക്കുന്നു. കൂടാതെ ആധിപത്യത്തിൻെറ പുന:സ്ഥി രീകരണത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ചുരുക്ക ത്തിൽ 'ആധിപത്യം—വെല്ലുവിളി—ആധിപത്യം' എന്ന വൃത്തത്തിൻെറ ആവർത്തനം വെറും ആവർത്തനമല്ല പ്ര ത്യുത ആധിപത്യത്തിലുള്ള 'പുരോഗതി'യാണ്. ഈ അ ർത്ഥത്തിൽ ഇതൊരു 'ശ്രേഷ്ഠമായ' ആധിപത്യമാണ്. ആധിപത്യത്തിൽനിന്നും ശ്രേഷ്ഠമായ ആധിപത്യത്തിലേ ക്കു പോകുന്തോറും വ്യക്തിയുടെ കുററബോധംവർദ്ധിക്കുന്നു.

ഫ്രോയ്ഡിൻെറ സിദ്ധാന്തത്തിൽ പിതൃപരവും, ബോധപൂർവ്വകവുമായ നിരസിക്കലിനെതിരായിട്ടുള്ള വിദ്വേഷം അതിൻെറ ഉച്ചകോടിയിലെത്തുന്നത് പുത്രന്മാ രുടെ വെല്ലുവിളിയിലാണല്ലോ. സഹോദരവംശത്തെ പ്രഥമ പിതാവിൽനിന്നു വേർതിരിക്കുന്ന നിർണ്ണായക മന:ശാസ്ത്രപരമായ സംഭവങ്ങളിലൊന്നാണ് കുററബോ ധത്തിൻെറ പുരോഗതി. ഈ കുററബോധം പ്രഥമതാ പി തൃഹത്യയെന്ന സുപ്രധാന തെററിനെ പററിയാണ്. ഈ

തെററിനു് രണ്ടുതരത്തിലുള്ള പരിണതഫലങ്ങരം ഉണ്ടാകുന്നു. സഹോദരന്മാർ ഗ്രൂപ്പിനെ സംരക്ഷിക്കുന്ന അധികാരികളെ മാററികൊണ്ടു് ഗ്രൂപ്പിൻെറ ജീവിതത്തെ നശിപ്പിയ്ക്കുമെന്നുള്ള ഭീഷണിയും പിതാവില്ലാത്ത, അതായതു് ആധിപത്യമില്ലാത്ത സമൂഹത്തെ കെട്ടിപ്പടുക്കാമെന്നുള്ള വാഗ്ദാനവും. കുററബോധം അങ്ങനെ ഭീഷണിയും വാഗ്ദാനവും എന്നീ വിരുദ്ധവൈകാരിക മനോഭാവങ്ങളെ പ്രതിഫലിപ്പിക്കുന്നു. പിന്നെ അടിച്ചമർത്തുന്ന പിതാവിനെ പുനർജ്ജീവിപ്പിക്കുന്നതിലും സ്വയം സ്വീകൃത ആധിപത്യത്തിൻെറ പേരിലും അവർ കുററക്കാരാണു്.

## 3. പ്രഥമ പിതാവിൽനിന്നു് ആധുനിക സമൂഹം വരെ.

വിമോചനത്തിൻെറ ഡയലററിക്സിൽ മേധാവിത്വം വിമോചനത്തിൻെറ മുമ്പായിട്ടും പിമ്പായിട്ടും കാണപ്പെടുന്നു. കൂടാതെ വെല്ലുവിളിയും സ്വേഛാധിപത്യമേധാവിത്വത്തിൻെറ പുനഃസ്ഥാപനവും ഒരു പ്രത്യേക രൂപത്തിൽ, 'വ്യൽപത്തിപരമായ രൂപത്തിൽ', അനുഗമിക്കപ്പെടുന്നു. ഇതു ചരിത്രത്തിൻെറ സമ്പൂർണ്ണഗതിയെ ഉരംകൊള്ളുന്നു. ഭൂതകാലത്തെന്നും ഉണ്ടായികൊണ്ടിരുന്ന വിപ്ളവങ്ങളിലും പുരാതനവും നവീനവുമായ തലമുറകരം തമ്മിലുള്ള സംഘട്ടനത്തിലും, വ്യവസ്ഥാപിത അധികാരികരംക്കെതിരായുള്ള വിപ്ളവത്തിലും കണ്ടിരുന്നതുപോലെ സംസ്കാരത്തിലും നാഗരികതയിലും ഉള്ള മേധാവിത്വത്തിൻെറ ആവർത്തനം എപ്രകാരമാണു് വിശദീകരിക്കുക? അടിച്ചമർത്തപ്പെട്ടതിൻെറ തിരിച്ചുവരൽ എന്ന ഫ്രോയ്ഡിൻെറ സിദ്ധാന്തത്തിലേക്കു് ഈ ചോദ്യത്തിനുത്തരം കണ്ടെത്താനായി നാമിപ്പോരം തിരിയേണ്ടിയിരിക്കുന്നു.

വ്യക്തികളിലെ ന്യൂറോസിസ്സിൻെറ ചരിത്രത്തെ പററിയുള്ള അപഗ്രഥനത്തിൽ അടിച്ചമർത്തപ്പെട്ടതിൻെറ തിരിച്ചുവരൽ എന്ന ആശയം വിശദീകരിക്കുന്നുണ്ടു്.

Aetiological traumas ആയി കരുതപ്പെടുന്ന ചില അനുഭവങ്ങളുടെ ഫലമായിട്ടാണ് ന്യൂറോസിസ്സ് എന്ന പ്രതിഭാസമെന്നു് ഫ്രോയ്ഡ് കരുതുന്നു. ഈ അനുഭവങ്ങളുടെ സവിശേഷതകൾ ഇവയാണ്: ആദ്യകാലശൈശവത്തിൽത്തന്നെ ഇവ പ്രത്യക്ഷപ്പെടുന്നു. അവ പൊതുവെപറഞ്ഞാൽ പൂർണ്ണമായും വിസ്മൃതമാണ്. ലൈംഗികവും അക്രമാസക്തവുമായ സ്വഭാവത്തോടുകൂടിയ മതിപ്പുകളുമായി ബന്ധപ്പെട്ടവയുമാണ്.

മാനവികതയുടെ പൊതു ചരിത്രത്തിനായി അടിച്ചമർത്തപ്പെട്ടവയുടെ തിരിച്ചുവരവിന്റെ ആശയം ഫ്രോയ്ഡ് പ്രയോഗിക്കുകയാണ്. വ്യക്തിപരമായ ന്യൂറോസിസ്സിന്റെ പുരോഗതിയിൽ വിശദീകരിക്കപ്പെട്ട ഈ ആശയം എങ്ങിനെയാണ് വർഗ്ഗത്തിന്റെ ജീവിതത്തിന് നല്കുക? വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്നതു് വർഗ്ഗത്തിന്റെ ജീവിതത്തിലും സംഭവിക്കുന്നതായി ഫ്രോയ്ഡ് ഊഹിക്കുന്നു. കുറെക്കാലത്തേക്ക് മറക്കപ്പെട്ടവയാണെങ്കിലും ഇതു് ഫലത്തിൽ പ്രത്യക്ഷപ്പെടുകയും രോഗലക്ഷണങ്ങൾക്കു തുല്യമായ പ്രതിഭാസങ്ങൾ, അവയുടെ ഘടനയിലും ലക്ഷ്യത്തിലും, സംജാതമാക്കുകയും ചെയ്യുന്നു. എന്നാൽ അടിച്ചമർത്തപ്പെട്ടവയുടെ ചരിത്രപരമായ തിരിച്ചുവരവ് എപ്രകാരമാണ് മനസ്സിലാക്കുക? എന്തെന്നാൽ, ''നമുക്കറിയാവുന്ന സവിശേഷതകളോടുകൂടിയ ഒരു പ്രഥമ പിതാവ് ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ വിധി എന്താണെന്നും ഉള്ള വസ്തുത സഹസ്രാബ്ദങ്ങളായി മറന്നിരുന്നു'' (SE 23.94). ഓർമ്മകൾക്കു അനുബന്ധിതമായി കാലഘട്ടത്തിന്റെ അകൽച്ചയുടെ പ്രശ്നത്തെപ്പററി ഫ്രോയ്ഡ് ബോധവാനായിരുന്നു. അടിച്ചമർത്തപ്പെട്ടവയോട് ബന്ധപ്പെട്ട വാസനാപരമായ ഘടകങ്ങൾക്ക് പ്രത്യേകമായ പ്രചോദനം ലഭിക്കുകയാണെങ്കിൽ അടിച്ചമർത്തപ്പെട്ടവ ബോധാവസ്ഥയിലെത്തുമെന്നു് ഫ്രോയ്ഡ് വിശ്വസിക്കുന്നു. യൗവനകാലത്താണ് വാസനകളുടെ ഈ ശക്തിപ്പെടൽ കാണുന്നതു്. യുവാക്കൾ ലൈംഗിക പക്വത പ്രാപിക്കു

ന്ന അവസരത്തിൽ ശിശുസഹജമായ വാസനകൾ ദിവാസ്വപ്നങ്ങളായി പ്രത്യക്ഷപ്പെടുന്നു. (SE 7: 227). ഫ്രോയ്ഡ് ശൈശവത്തിലെ സംഭവങ്ങളെപ്പററിപറയുമ്പോൾ സമയത്തിനല്ല, സംഭവവും അതിന്റെ പ്രതിപ്രവർത്തനവുമായി ഏററു മുട്ടുന്നപ്രക്രിയയ്ക്കാണ് ഊന്നൽ നല്കുന്നതെന്നതു് ശ്രദ്ധാർഹമാണ്. അതുപോലെതന്നെ അടിച്ചമർത്തപ്പെട്ടതിന്റെ തിരിച്ചുവരവ് പ്രാധാന്യമർഹിക്കുന്നതു് അടിച്ചമർത്തപ്പെട്ട വസ്തുവിന്റെ തിരിച്ചുവരവിന്റെ പ്രക്രിയയിലാണ്.

## E. സമൂഹത്തിൽ വ്യക്തിക്കു് സൗഭാഗ്യമില്ല

ഫ്രോയ്ഡ് സംസ്കാരത്തിന്റേയും, നാഗരികതയുടേയും ഉത്ഭവവും വളർച്ചയും അടിച്ചമർത്തലിന്റെ ചരിത്രത്തിലൂടെ കാണുന്നു. ''വ്യക്തിയുടെ വേദനകൾക്കും ക്ലേശങ്ങൾക്കുമെല്ലാം കാരണം നാഗരികതയാണ്'' (SE 21: 86). നാഗരികത വ്യക്തിയുടെ സ്വാതന്ത്ര്യത്തിന് അതിരു കല്പിക്കുന്ന സമൂഹത്തിൽ ക്രമീകരണങ്ങൾ വരുത്തുന്നു. ഈ ക്രമീകരണം ബാല്യകാലത്തിലെ പരപീഡനപായുഘട്ടം തരണം ചെയ്യുന്നതുപോലെ വൈഷമ്യം നിറഞ്ഞതാണ്. ലിബിഡോയുടെ വളർച്ചയും സംസ്കാരത്തിന്റെ വികാസവുമായി ഒരു സമാനത ഫ്രോയ്ഡ് കാണുന്നുണ്ടു്. അതിനാൽ സംസ്കാരം നൈസർഗ്ഗിക പ്രേരണകളുടെ നിരോധനം ആവശ്യപ്പെടുന്നു. ഈ നിരോധനം അഥവാ സഹജവാസനകളുടെ അടിച്ചമർത്തൽ എല്ലാ ബന്ധങ്ങളേയും നിയന്ത്രിക്കാൻ ശക്തമത്രേ. തന്മൂലം സംസ്കാരം എന്നും നൈസർഗ്ഗിക പ്രേരണകളുമായി വൈരത്തിലായിരിക്കും. തന്നേയുമല്ല സംസ്കാരത്തിന്റെ പേരിൽ സമൂഹം അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങളും നിരോധനങ്ങളും അവ ആവശ്യപ്പെടുന്ന പരിത്യാഗങ്ങളും സ്വീകരിക്കുവാൻ വിസമ്മതിക്കുമ്പോൾ വ്യക്തി സ്നിരാരോഗിയാകുന്നു.

വ്യക്തി എന്താണന്വേഷിക്കുന്നതു്? ''അവൻ സൗഭാഗ്യമന്വേഷിക്കുകയും എന്നും സൗഭാഗ്യവാനായിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ ശ്രമത്തിൽ ക്രിയാത്മകവും, നിഷേധാത്മകവുമായ രണ്ടുവശങ്ങളുണ്ട്. വേദനയുടെ അഭാവവും സന്തോഷരാഹിത്യത്തിന്റെ അസ്തമനവും ഒരുവശത്താഗ്രഹിക്കുമ്പോൾ, സുഖത്തിന്റെ പാരമ്യത്തിനുവേണ്ടിയുള്ളദാഹമാണ് മറുവശത്തു്.'' എന്നാൽ ''നിയതാർത്ഥത്തിൽ സൗഭാഗ്യം തീവ്രാഗ്രഹങ്ങളുടെ സംതൃപ്തിയാണ്. ഇതു് ഇവയുടെ സ്വഭാവത്തിൽ തന്നെ സാന്ദർഭികമായി മാത്രം ലഭിക്കുന്നതുമാണ്'' (SE 21: 76). എന്നാൽ ദുഃഖത്തിന്റെ (unhappiness) കഥ അതല്ല. അതു് നിത്യാനുഭവമാണ്. വേദന നമ്മേയും നമ്മുടെ സഹജീവികളേയും ആന്തരീകമായും ബാഹ്യമായും അനുനിമിഷം ഭീഷണിപ്പെടുത്തികൊണ്ടിരിക്കുന്നു. അസന്തുഷ്ടിയുടെ ഉത്ഭവം എവിടെയാണ്? സംസ്കാരം അതിന്റെ ശക്തിയുടെ വലിയൊരു ഭാഗം ലൈംഗികതയിൽനിന്നു് സാമൂഹ്യക്ഷേമകരമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടണം. ''മനുഷ്യരുടെ കൂട്ടജീവിതത്തിനാധാരം ദ്വിമുഖമാണ്. ബാഹ്യസമ്മർദ്ദങ്ങൾ നിമിത്തം അദ്ധ്വാനത്തിനുള്ള ആവശ്യവും സ്നേഹിക്കാനുള്ള കഴിവും. ഇതു മനുഷ്യനെ അവന്റെ ലൈംഗീകതയുടെ വിഷയത്തിക്കു്– സ്ത്രീയിലേക്കു്– അടുപ്പിക്കുന്നു. സ്ത്രീയാവട്ടെ, അവളുടെ ഭാഗവും എന്നാൽ അവളിൽ നിന്നു വേർപെട്ടതുമായ ശിശുക്കളിൽ നിന്നു് അകലാതിരിക്കുവാൻ ശ്രമിക്കുന്നു. (SE 21: 101). അങ്ങനെ ആവശ്യകതയും രതിയും സാമൂഹ്യജീവിതത്തിന്റെ ആണിക്കല്ലുകളായിത്തീരുന്നു. എന്നാൽ സ്നേഹം അടക്കപ്പെട്ട പ്രേമമാണ്. രണ്ടു വ്യക്തികളെ തമ്മിൽ അടുപ്പിക്കുന്ന രതി മൂന്നാമതൊരു വ്യക്തിയുടെ സാന്നിദ്ധ്യം നിരസിക്കുന്നു. ഇതു ശരിയെങ്കിൽ ലൈംഗിക ജീവിതത്തിനേർപ്പെടുത്തുന്ന നിയന്ത്രണങ്ങളുടെ ആവശ്യമുണ്ടോ? സംസ്കാരം ഇതിലും കൂടുതൽ ചെയ്യുന്നു. നിയന്ത്രിക്കുക മാത്രമല്ല അയല്ക്കാരെ സ്നേഹിക്കുവാനും അക്രമവാസനകളെ നിയന്ത്രിക്കുവാനും പാഠിപ്പിക്കുന്നു. അങ്ങനെ സം

സ്സാരം വ്യക്തിയുടെ ലൈംഗിക ജീവിതത്തിൽ മാത്രമല്ല, അക്രമവാസനകളിൽ കൂടി വിലങ്ങുകൾ വച്ചിരിക്കുന്നതിനാൽ വ്യക്തി സമൂഹത്തിൽ അസന്തുഷ്ടനാണെന്നുള്ള വസ്തുത മനസ്സിലാക്കാവുന്നതേയുള്ളൂ.

അതുകൊണ്ട് ഫ്രോയ്ഡിന്റെ ദൃഷ്ടിയിൽ സംസ്ക്കാരവും സൗഭാഗ്യവും പൊരുത്തപ്പെടില്ല.. തന്നേയുമല്ല പുരോഗതി വാസനാക്ഷയത്തിലൂടെയേ സാധിക്കൂ. നിയന്ത്രണം സൗഭാഗ്യത്തിന്റെ വെട്ടിച്ചുരുക്കലാണ്. പ്രകൃതിയോട് പരുഷമായി പെരുമാറാതെ സംസ്ക്കാരമുണ്ടാവില്ല. സംസ്ക്കാരത്തിന്റെ പേരിൽ രതി അടിച്ചമർത്തപ്പെടുന്നു. സഹജവാസനകളുടെ അടിച്ചമർത്തൽ അതോടൊപ്പം നശീകരണ വാസനയെ ശക്തിപ്പെടുത്തുന്നു. ഇതു വീണ്ടും കൂടുതൽ ശക്തിയായ നിരോധനം നടപ്പാക്കുകയും ചെയ്യുന്നു. ഈവിധത്തിൽ ഫ്രോയ്ഡ് ഒരു വലയത്തിൽപ്പെട്ടിരിക്കുകയാണ്. നിരോധനം നിരോധിത വസ്തുക്കളുടെ മേൽ അക്രമണ വാസനയെ ഉണർത്തുന്നു. ഇതിന്റെ ഫലമായി യുക്തിരാഹിത്യവും, നശീകരണ പ്രേരണയും വദ്ധിക്കുന്നു. ഫലം കൂടുതൽ ശക്തമായ നിരോധനവും അടിച്ചമർത്തലുമായിരിക്കും. അങ്ങനെ സമൂഹത്തിൽ വ്യക്തിക്കു സൗഭാഗ്യം അടിയറവു വച്ചിരിക്കുകയാണ്. സമൂഹം എന്നും വാസസനാക്ഷയങ്ങളിൽ അധിഷ്ഠിതമായിരിക്കുമെന്ന് ഫ്രോയ്ഡ് തറപ്പിച്ചു പറയുന്നു. പക്ഷേ വിലങ്ങുകളും നിരോധനങ്ങളും ഭേദിച്ച് ചിലപ്പോൾ ഈ അമർത്തപ്പെട്ട രതി പുറത്തുവരും. സംയുക്തീകരിക്കാത്ത കാമഭാവങ്ങൾ സംസ്ക്കാരത്തിന്റെ അടിത്തട്ടിൽ നിലയുറപ്പിച്ചുകൊണ്ട്, സംസ്ക്കാരത്തെ ദുർബ്ബലമാക്കുന്നു. ഫലമോ? ദുർബ്ബലമായ സംസ്ക്കാരവും ദുർബ്ബലനായ വ്യക്തിയും. ആടിയുലയുന്ന നാഗരികതയും, അസന്തുഷ്ടനായ വ്യക്തിയും. അശുഭാപ്തിവിശ്വാസക്കാരനാണെങ്കിലും ഭാവനാസമ്പന്നനായ ഫ്രോയ്ഡ് ഒരു ചോദ്യശരം പിൻതലമുറക്കാർക്ക് തൊടുത്തുവിട്ടിട്ടുണ്ട്: ''ജീവിതം യാതനാപൂർണ്ണവും അതിൽ നിന്നു രക്ഷനേ

ടുന്നതു് മരണവും മാത്രമാണെങ്കിൽ അസന്തുഷ്ടവും വൈഷമ്യപൂർണ്ണവുമായ ഒരു നീണ്ടജീവിതംകൊണ്ടു് നമുക്കെന്തു മെച്ചം?'' (SE 21:88). ഈ ചോദ്യത്തിനു ത്തരം കിട്ടാൻ ഹെർബർട്ട് മാർക്യൂസിന്റെ ദർശനധാര യിലൂടെ ഒന്നു കണ്ണോടിക്കാം.

## രണ്ടാംഭാഗം മാർക്യൂസിന്റെ വീക്ഷണം

### A. ജീവചരിത്രപശ്ചാത്തലം

ഹെർബർട്ട് മാർക്യൂസ് 1898 ജൂലൈ 19-നു് അവിഭക്തജർമ്മനിയുടെ തലസ്ഥാനമായ ബർലിനിൽ ജനിച്ചു. ജർമ്മനിയിലെയും ബർലിനിലെയും പാരമ്പ ര്യങ്ങളുമായി ആഴമായ ബന്ധം പുലർത്തിയിരുന്ന ഒരു ബൂർഷ്വാ യഹൂദകുടുംബമായിരുന്നു അദ്ദേഹത്തിന്റേതു്. പിന്നീടു് നാം കാണുന്നതുപോലെ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒട്ടാകെ നാടകീയത കടന്നുകൂടിയതു് ഈ യഹൂദജനനം കൊണ്ടുതന്നെയാണു്. ദാർശനികലോക ത്തിലെ ഉജ്ജ്വലതാരങ്ങളായ ഹേഗലിനും മാർക്സിനും നിത്ഷേക്കും ഹൈഡഗറിനും ജന്മമേകിയ അതേ ബൗ ദ്ധിക സാമൂഹ്യമേഖലയുടെ സംഭാവനയാണു് മാർ ക്യൂസ് എന്നു് സംശയലേശമെന്യേ നമുക്കു് പറയു വാൻ സാധിക്കും. ജർമ്മൻതത്വശാസ്ത്രത്തിന്റേയും സം സ്ക്കാരത്തിന്റേയും യഥാർത്ഥ അവകാശിയും കൂടിയാ ണദ്ദേഹം.

മാർക്യൂസ് ഹിംസയുടെ ആവശ്യത്തെപ്പററി പഠി ച്ചതും രാഷ്ട്രീയത്തിൽ പ്രവേശിച്ചതും ബർലിനിൽ വ ച്ചാണു്. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പററിയും വിദ്യാഭ്യാസജീവിതത്തെപ്പററിയും അധികമൊന്നും അ റിവില്ലെങ്കിലും 1918-ലെ ജർമ്മൻവിപ്ലവത്തിൽ അ ദ്ദേഹം പങ്കുചേർന്നുവെന്നു് സംശയരഹിതമായി പറയു വാൻ കഴിയും. താൻ അംഗമായിരുന്ന സോഷ്യൽ ഡി മോക്രാററിക് പാർട്ടിയോടുള്ള അനുഭാവം കൊണ്ടായി രുന്നു ഇതു്. പാർട്ടിയുടെ പരാജയവും കാറൽ ലീബ്-

നെകത്തു്, റോസലക്സംബർഗ് എന്നീ രണ്ടു് വിപ്ല വകാരികളുടെ അപമൃത്യുവും അദ്ദേഹത്തെ ഭീകര വിപ്ല ത്തിൽ നിന്നു പിന്തിരിപ്പിച്ചു. 1919—ൽ പാർട്ടി വിട്ടു. അദ്ദേഹം പിന്നീടൊരിക്കലും കമ്മ്യൂണിസ്റ്റ് പാർട്ടിയി ലേക്കു് തിരിച്ചു വന്നില്ല എന്നതു് ശ്രദ്ധാർഹമാണു്. എല്ലാ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും അദ്ദേഹം പിന്മാറിയെങ്കിലും വിപ്ലവാത്മകമായ രാഷ്ട്രീയ ആശയ ങ്ങൾ ഒരിക്കലും ഉപേക്ഷിച്ചില്ല. പകരം തന്റെ ശ ക്തി മുഴുവനും താത്വികമണ്ഡലത്തിൽ കേന്ദ്രീകരിച്ചു. സോഷ്യൽ ഡിമോക്രാററിക് പാർട്ടിയുടെ പ്രസിദ്ധീ കരണത്തോട് സഹകരിച്ചു പ്രവർത്തിക്കുകയും മഹ ത്തായ സംഭാവനകൾ നല്കുകയും ചെയ്തു. ചില മാർക് സിസ്റ്റ് ചിന്തകരുമായി ബന്ധപ്പെടുവാൻ ഇതു ഇടയാ ക്കി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും പിരിഞ്ഞു പോയ കാറൽകോർഷും (1886—1961) 1918—ലെ ഹങ്ക റിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉപജ്ഞാതാക്ക ളിൽ ഒരാളായ ജോജ്ജ് ലൂക്കാസും (1885—1971)ആണു് ഇവരിൽ പ്രധാനികൾ.

ബർലിനിലെ വിദ്യാഭ്യാസത്തിനുശേഷം മാർ ക്യൂസ് ഫ്രൈബർഗിലേക്കു്പോയി. അവിടെ ഹൈഡ ഗറിന്റെ കീഴിൽ, ഹേഗലിന്റെ സത്താശാസ്ത്രത്തെപ്പററി പ്രബന്ധം തയ്യാറാക്കി, 1922—ൽ ഡോക്ടർ ബിരുദം നേടി. 1932 മാർക്യൂസിന്റെ തത്വശാസ്ത്രപ്രസിദ്ധീക രണത്തെ സംബന്ധിച്ചിടത്തോളം ഒരുപ്രധാനപ്പെട്ട യുഗ ത്തിന്റെ ആരംഭം കുറിക്കുന്നു. ആ വർഷംതന്നെ രണ്ടു പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ വെളിച്ചം കണ്ടു: ''ഹേഗലി ന്റെ സത്താശാസ്ത്ര''മെന്ന ഗ്രന്ഥവും മാർക്സ് 1844—ൽ പ്രസിദ്ധീകരിച്ച കയ്യെഴുത്തു രേഖയെ സംബന്ധിക്കുന്ന ഒരുകൃതിയും. ഈകാലഘട്ടത്തിലാണു് ഫ്രാങ്ക്ഫർട്ട് സ്കൂൾ എന്ന പ്രസ്ഥാനത്തിൽ അദ്ദേഹത്തിനു് താല്പര്യം ജനിച്ചതു്. ഇതുവഴി ഹോർക്കൈമർ (1895—1973), അഡോർണൊ (1903—1969), ബഞ്ചമിൻ (1892—1940) എരിക്ഫ്രോം (1900—1980) തുടങ്ങിയവരുമായി നല്ല

സഹകരണത്തിലെത്തി. ഈബന്ധം മാർക്യൂസിൻെറ മാത്രമല്ല യൂറോപ്യൻ മാർക്ക്സിസ്റ്റ് പ്രസ്ഥാനത്തിൻെറ മുഴുവനും ബൗദ്ധികപുരോഗതിയിൽ ഒരദ്ധ്യായം കുറിക്കുന്നു. ഫ്രാങ്ക്ഫർട്ട് സ്കൂളിലെ അദ്ദേഹത്തിൻെറ പ്രവത്തനം തത്വശാസ്ത്രപരവും സാമൂഹ്യ രാഷ്ട്രീയപരവുമായ വീക്ഷണത്തിനും ദർശനം, സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നീ വിവിധങ്ങളായ മാനസിക ശാസ്ത്രങ്ങളുടെ പരസ്പരൈക്യത്തെപ്പററിയുള്ള വീക്ഷണത്തിനും ഒരു പുതിയ പ്രചോദനം നൽകി. 1933ൽ ഹിററ്ലർ അധികാരം പിടിച്ചടക്കിയപ്പോൾ തൻെറ യഹൂദ സഹപ്രവത്തകരെപ്പോലെ മാർക്യൂസും ജർമ്മനി വിട്ടുപോയി. ആദ്യം ജനീവായിലേയ്ക്കും അവിടെനിന്നു് പാരീസിലേക്കുമാണദ്ദേഹം പോയതു്.

1934–ൽ മാർക്യൂസ് ന്യൂയോർക്കിലെത്തുകയും ഫ്രാങ്ക് ഫർട്ട് സ്കൂളിലാരംഭിച്ച ജോലി അവിടെ തുടരുകയും ചെയ്തു. 1940 ൽ അദ്ദേഹം അമേരിക്കൻ പൗരത്വം സ്വീകരിച്ചു. 1941 വരെ ന്യൂയോർക്കിലുള്ള ''സാമൂഹ്യഗവേഷണസ്ഥാപന''ത്തിൽ ജോലിചെയ്തു. ''യുക്തിയും വിപ്ളവ'' (1941) വും എന്നഗ്രന്ഥം ഇംഗ്ളീഷിൽ പ്രസിദ്ധീകൃതമായി. 1942 മുതൽ 1950വരെ അമേരിക്കൻ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൻെറയും ഓഫീസിൽ ജോലിചെയ്തുകൊണ്ടു് നാസിസത്തിൻെറയും ഫാസിസത്തിൻെറയും സ്വേഛാധിപത്യത്തിനും യഹൂദവിരുദ്ധരാഷ്ട്രീയത്തിനും എതിരായി തീക്ഷ്ണതയോടെ പൊരുതി.

ഹോർക്കൈമെറും അഡോർണോയും ജർമ്മനിയിലേക്കു് തിരികെപ്പോയെങ്കിലും വിദേശത്തു് ജീവിച്ചുകൊണ്ടു് തന്നെ തൻെറ അധ്യയനം തുടരാനാണു് മാർക്യൂസ് ഇഷ്ടപ്പെട്ടതു്. 1950 മുതൽ 1952 വരെ കൊളംബിയ സർവ്വകലാശാലയിലും 1952–53ൽ റഷ്യൻ ഇൻസ്ററിററ്യൂട്ടിലും 1954–55 ൽ ഹാർവാർഡ് സർവ്വകലാശാലയിലും പഠിപ്പിച്ചു. മാർക്സിയൻ തത്വസംഹിതയുടെ ഒരു '' സ്പെഷ്യലിസ്റ്റ്'' എന്നനിലയിൽ അമേരിക്കയിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിലും പൊതുഅന്തരീ

ക്ഷത്തിലും മാർക്യൂസ് തികച്ചും സന്തോഷവാനായിരുന്നു. 1958—ൽ എഴുതിയ ''സോവ്യററ്മാർക്—സിസം'' റഷ്യയിലെ ഉദ്യോഗസ്ഥ മേധാവിത്വ ഭരണക്രമത്തോടും ഏകകക്ഷി സ്വേച്ഛാധിപത്യ പ്രവണതയോടുമുള്ള ഒരു കടന്നാക്രമണമായിരുന്നു.

അമേരിക്കയിൽ ചിലവഴിച്ച വർഷങ്ങൾ, ഒരു പണ്ഡിതനും പ്രൊഫസറും എന്ന നിലയിൽ അദ്ദേഹത്തെ കൂടുതൽ അനുഭവസമ്പന്നനാക്കി. പ്രകൃതിതത്വശാസ്ത്രത്തിൻെറയും അതിഭൗതീക വിരുദ്ധശാസ്ത്രത്തിൻെറയും ഗുണഗണങ്ങളോട് കൂടിയ ഒരു പുതിയ സംസ്ക്കാരത്തെ അഭിമുഖികരിച്ചതുവഴി അദ്ദേഹത്തിൻെറ ആശയങ്ങൾക്ക് ജമ്മൻ യുദ്ധത്തിനുമുമ്പില്ലായിരുന്ന വ്യക്തതയും ആക്കവും ഉണ്ടായി. വ്യക്തികളുടെ സ്വാതന്ത്ര്യം, സൗഭാഗ്യം തുടങ്ങിയ നിത്യമായ അതിഭൗതിക യാഥാത്ഥ്യങ്ങളെപ്പററി ചിന്തിക്കുവാൻ അമേരിക്കൻ സമൂഹം അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇതിൻെറഫലമാണ് 1955—ൽ പുറത്തിറങ്ങിയ പൂർവ്വകല്പനാവൈഭവത്തോടു കൂടിയ'' രതിയും നാഗരികതയും'' എന്ന ഗ്രന്ഥം.

1954—മുതൽ 65 വരെ അദ്ദേഹം ബ്രാൻഡൈസ് സർവ്വകലാശായിൽ തത്വശാസ്ത്ര പ്രൊഫസർ ആയിരുന്നു. നിണ്ടമുപ്പതു കൊല്ലത്തെ അമേരിക്കൻ സാഹചര്യത്തിലുള്ള ജീവിതം മാർക്യൂസിൻെറ വ്യവസായ വത്കൃത സമൂഹത്തെപ്പററിയുള്ള രാഷ്ട്രീയ നിരൂപണത്തിനു വഴി തെളിച്ചു. അദ്ദേഹത്തിൻെറ ''ഏകമാനമനുഷ്യൻ'' (1964)ധനസമൃദ്ധ സമൂഹത്തെ നിശിതമായി വിമർശിക്കുന്നുണ്ട്. 1965—മുതൽ 1970 വരെ കാലിഫോർണിയ സർവ്വകലാശാലയിൽ രാഷ്ട്രമീമാംസയുടെ പ്രൊഫസറായി സേവനംചെയ്തു. ഈ കാലഘട്ടത്തിൽ ''വിമോചനത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം''(1969), ''പ്രതിവിപ്ളവവും അക്രമവും''(1972)എന്നിവ പ്രസിദ്ധികരിച്ചു. ഇവ വഴി ഒരു പുതിയ ചിന്താധാരയാണ് മാർക്യൂസ് പ്രകടിപ്പിക്കുന്നതു്. ഇതിനെ ദ്വിതീയ മാർക്യൂസ് എന്നു് വിളിക്കാം.

ഒരു പ്രൊഫസർ എന്ന നിയിലുള്ള അദ്ദേഹത്തിൻെറ വ്യക്തിപരമായ സവിശേഷതകളെക്കൂടി പരാമശിക്കാതെ മാർക്യൂസിൻെറ ജീവിതത്തെപ്പററിയുള്ള ഈ ആമുഖം പൂണ്ണമാവുകയില്ല. ദിപ്തിമത്തും ഊജ്ജസ്വലവുമായ പ്രതിഭയോട്ട ദോഷൈകവീക്ഷണത്തിൽ തെളിഞ്ഞു കാണുന്ന അത്ഭുതപൂർവ്വമായ മാനുഷിക സമിപനം കൂടിച്ചേന്നപ്പോഠം തൻെറ വിദ്യാർത്ഥികളിൽ വലിയ സ്വാധിനം ചെലുത്താൻ മാർക്യൂസിനു് കഴിഞ്ഞു. അദ്ദേഹത്തിൻെറ അദ്ധ്യാപനം വിപരീതാർത്ഥ പ്രയോഗം കൊണ്ടും നമ്മരസം കൊണ്ടും ആസ്വാദ്യകരമായിരുന്നുവെന്നു് ശിഷ്യന്മാർ പറയുന്നു. ഇതു സാധിച്ചതു് സോക്രട്ടിസിൻെറ രീതിയിലുള്ള അവഗാഹവും ചർച്ചയിലുള്ള മര്യാദയും ഔദാര്യവും വിവിധ വിജ്ഞാനശാഖകളിലുള്ള പാണ്ഡിത്യവും അതിരില്ലാത്ത ബൗദ്ധികജിജ്ഞാസയും കൊണ്ടാണു്. ഏതാണ്ടു് നാല്പത്തിഅഞ്ചു വർഷത്തോളം അമേരിക്കൻ സംസ്ക്കരത്തോടു് ഇടപഴകി ജീവിച്ചെങ്കിലും ദാശ്നിക ചിന്തയിലും സംസ്ക്കരിക പശ്ചാത്തലത്തിലും മാർക്യൂസ് ഒരു ജമ്മൻകാരൻ തന്നെയായിരുന്നു. കുറെ വർഷങ്ങളായി വിശ്രമ ജീവിതം നയിച്ചിരുന്ന അദ്ദേഹം 1979—ൽ അന്തരിച്ചു.

## B: മാർക്യൂസും ഫ്രോയ്ഡും തമ്മിലുള്ള വ്യത്യാസം

ജൈവവാസന ആവശ്യകതയ്ക്കു കീഴ്പ്പെട്ടിരിക്കുന്നതിനാൽ അവ തമ്മിലുള്ള ചേർച്ചയില്ലാമയ്യെപ്പററി ഫ്രോയ്ഡ് പറയുന്നതു് നാം കണ്ടുകഴിഞ്ഞു. കാരണം "വാസനകളുടെ സംതൃപ്തീകരണത്തെ ബലികഴിച്ചുകൊണ്ടും ജീവിതത്തിൻെറ അടിയന്തിരാവശ്യങ്ങളുടെ സമ്മർദ്ദം മൂലവുമാണു് നാഗരികത ഉടലെടുക്കുന്നതു്. നാഗരികത ഒരു വലിയ പരിധിവരെ പുതുതായിനിരന്തരം സൃഷ്ടിക്കപ്പെട്ടിരിക്കയാണു്. മാനവ സമൂഹത്തിലേക്കു് പുതുതായി പ്രവേശനം തേടുന്ന ഏതൊരു സമൂഹത്തിൻെറ നന്മയ്ക്കായി വാസനകളുടെ സംതൃപ്തീകരണത്തിൻെറ ബലി ആവത്തിക്കുന്നു." (SE 15:22—23)

ദാരിദ്ര്യവും ദുഃഖവുമാണ് സമൂഹപരമായ അടിച്ച മർത്തലിന്റെ അടിസ്ഥാന പരമായ കാരണങ്ങളെന്നും മാനവസമൂഹത്തിന്റെ ഉത്ഭവം ആവശ്യകതയിലാണ് എന്നും ഫ്രോയ്ഡിനോടൊത്ത് സമ്മതിക്കുവാൻ മാർക്യൂസിന് യാതൊരു വിഷമവുമില്ല. ''നിരന്തരം പിരിമുറുക്കകയും പരിത്യജിക്കലുമുള്ളതും മനുഷ്യാവശ്യങ്ങളുടെ സംതൃപ്തിസാധ്യമല്ലാത്തതുമായ ഒരു ലോകത്താണ് അസ്തിത്വത്തിനായുള്ള മല്ലിടൽ നടക്കുന്നത്. മററു വാക്കുകളിൽ സംതൃപ്തി സാധ്യമാക്കുന്നതെന്തും ജോലി ആവശ്യപ്പെടുന്നു. അതു പോലെ വേദനാജനകമായ ക്രമീകരണങ്ങളും ഇടപാടുകളും ആവശ്യപ്പെടുന്നു'' (EC 32). സമൂഹം വ്യക്തികളുടെ സ്വതന്ത്രമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി വിതരണം ചെയ്യുവാനായി ആദ്യമേ തന്നെ സമ്പത്ത് സൃഷ്ടിക്കണം''(OM 40) സമ്പത്ത് സൃഷ്ടിക്കാനായി തൊഴിലും വ്യവസായവും അച്ചടക്കവും ആവശ്യമാണ്. സാധാരണയായി ജോലി ഒരു വ്യക്തിയുടെ ജീവിതത്തെ മുഴുവൻ ഉൾക്കൊള്ളുന്നു. ആനന്ദം പുറം തള്ളപ്പെടുന്നു(EC 33).

ഇവിടെയാണ് മാർക്യൂസ് ഫ്രോയ്ഡിനോടു വിയോജിക്കുന്നത്. മാർക്യൂസിനെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യതത്വം ചരിത്രപരമായ ലോകമാണ്. ഫ്രോയ്ഡ് ചരിത്രപരമായതിനെ ജീവശാസ്ത്രപരമായതുമായി ബന്ധപ്പെടുത്തുന്നു. മാനുഷ്യസമൂഹത്തിന് ചരിത്രപരമായ യാഥാർത്ഥ്യവുമായി മൽപിടുത്തം നടത്തേണ്ടതായി വരുന്നു. മാനസിക ഘടനയെ സമൂഹപരമായ ഏജൻറുകൾ വഴി സ്വാധീനിക്കുന്ന യാഥാത്ഥ്യത്തിന്റെകൃത്യവും സമൂഹ ചരിത്ര പരവുമായ സംഘടനയെയാണ് അഹത്തിന് അഭിമുഖികരിക്കേണ്ടതു്(EC31) ഫ്രോയ്ഡിന്റെ യാഥാത്ഥ്യതത്വം നിത്യമാണ്, ചരിത്രപരമല്ല. നാഗരികത ഏകീകൃത ആധിപത്യമായി മുന്നേറുന്നതിനാൽ നാഗരികതയിലുള്ള യാഥാർത്ഥ്യത്തിന്റെ ചരിത്രപരമായ എല്ലാരൂപങ്ങളേയും ഫ്രോയ്ഡിന്റെ സാമാന്യവത്കരണം ബന്ധി

ക്കുന്നു. ''ഫ്രോയ്ഡിൻെറ ആശയങ്ങളുടെ ചരിത്ര രഹിതമായ സ്വഭാവം അതിൻെറ വിപരീതമായതിൻെറ ഘടകങ്ങൾ ഉൾക്കൊള്ളുന്നു.''(EC32)

ഫ്രോയ്ഡിയൻ തത്വത്തിൻെറ യഥാർത്ഥ ഉള്ളടക്കത്തേയും നാഗരികതയിലെ അടിച്ചമർത്തലിനേയും പുനരവതരിപ്പിക്കാനായി നിർവ്വഹണതത്വം (Principle) അമിത അടിച്ചമർത്തൽ (Surplus repression) എന്നീ രണ്ടു പ്രധാന ആശയങ്ങൾ മാർക്യൂസ് കൊണ്ടുവരുന്നു. സമൂഹ്യമേധാവിത്വം ആവശ്യമാക്കുന്ന അമിതനിയന്ത്രണങ്ങളാലാണ് അമിത അടിമച്ചമർത്തൽ സംജാതമാകുന്നതു്. ''യഥാർത്ഥ്യതത്വത്തിൻെറ ഏതൊരു രൂപവും വാസനകളുടെമേൽ പരിഗണനാർഹമായ തലത്തിലും രീതിയിലും അടിച്ചമർത്തപ്പെട്ട നിയന്ത്രണം ആവശ്യപ്പെടുമ്പോൾ യാഥാർത്ഥ്യതത്വത്തിൻെറ കൃത്യവും ചരിത്രപരവുമായ സ്ഥാപനങ്ങളും ആധിപത്യത്തിൻെറ പ്രത്യേകതാ.ത്പര്യങ്ങളും നഗരവത്കരിക്കപ്പെട്ട മാനുഷികസംഘടനയ്ക്കു് ആവശ്യമായിരിക്കുന്നതിനു പുറമേ അധികനിയന്ത്രണങ്ങൾ കൊണ്ടുവരുന്നു''(EC 34) അങ്ങനെ സംസ്ക്കാരത്തിലും നഗരികതയിലും മനുഷ്യൻെറ അതിജീവിക്കലിനു് ആവശ്യമായ വാസനകളുടെ അനുരൂപണപ്പെടുത്തൽ എന്നു് ഫ്രോയ്ഡ് നിർവ്വചിച്ചിരിക്കുന്ന അടിസ്ഥാനപരമായ അടിച്ചമർത്തലിൽ (basic-repression) നിന്നു് അമിതമായ അടിച്ചമർത്തലിനെ വേർതിരിക്കുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന യാഥാർത്ഥ്യതത്വം മുൻപുണ്ടായിരുന്ന യാഥാർത്ഥ്യതത്വത്തിൽ നിന്നു് തുലോം വ്യത്യസ്ഥമാണ്. അതു് നിർവ്വഹണതത്വമായിത്തീരുന്നു. തന്മൂലം ആധിപത്യത്തിൻെറ യാഥാർത്ഥ്യം ആവശ്യകതയുടെ പേരിൽ സ്വയമേ സ്ഥാപിക്കുന്നു. യാഥാർത്ഥ്യം ചരിത്രപരമായതിനാൽ അതിൻെറ ആധിപത്യവും ചരിത്രപരമാണ്. പ്രഥമപിതാവുമുതൽ വികസിതവ്യവസായ വത്കൃതനാഗരികതവരെ ആധിപത്യം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നുവെന്നു് മാർക്യൂസ് പറയുന്നു.

## C. വ്യവസ്ഥാപിതസമൂഹം

### 1. പ്രഥമസമൂഹവും നിർവ്വഹണതത്വവും

a പ്രാഥമിക പരിതസ്ഥിതിയും അതിന്റെ സാംസ്കാരികതിരിച്ചുവരവും തമ്മിലുള്ള നിർണ്ണായകമായ വ്യത്യാസം, രണ്ടാമത്തേതിൽ കാണുന്ന പിതാവ് സാധാരണയായി വ്യക്തിയല്ല എന്നതാണ്. പിതാവെന്ന ആശയം വികസിത വ്യവസായവത്കൃത സമൂഹത്തിൽ രൂക്ഷമായ വ്യതിയാനങ്ങൾക്ക് വിധേയമാകുന്നതിനെപ്പററി മാർക്യൂസ് പ്രതിപാദിക്കുന്നുണ്ട്. വ്യക്തിയും സമൂഹവും തമ്മിലുള്ള മാരകമായ സംഘട്ടനം സംഭവിക്കുന്നത് പ്രധാനമായും ഇഡിപസ് മനോഗ്രന്ഥിയിലും ആനന്ദതത്വത്തെ യാഥാർത്ഥ്യതത്വത്തിൻ കീഴിലാക്കുവാൻ പരിശ്രമിക്കുന്ന പിതാവുമായുള്ള അഭിമുഖീകരിക്കലിലുമാണെന്ന് ഫ്രോയ്ഡ് പറയുന്നു. വ്യക്തിയുടെ ആദ്യമായുള്ള സമൂഹവത്കരണം നടക്കുന്നത് കുടുംബത്തിലാണ്. വാർത്താവിനിമയം, സ്കൂളുകൾ, കായികരംഗം മുതലായവയിലൂടെയുള്ള സമൂഹത്തിന്റെ പ്രത്യക്ഷമായ ഇടപെടലിനാൽ പിതൃമേധാവിത്വകുടുംബം അസാധുകരിക്കപ്പെടുന്നു. ഇപ്പോൾ ''പിതാവല്ല, കളിത്തോഴരും, അയൽവാസികളും, ഗ്രൂപ്പനേതാവും മററുമാണ് മനസികവും ശാരീരികവുമായ പെരുമാററത്തിന്റെ അധികാരികളെന്ന് ശിശുപഠിക്കുന്നു'' (FL 52) കൂടാതെ, സ്വതന്ത്രമായവയിൽ നിന്ന് ഏകീകൃതമായ മത്സരത്തിലേയ്ക്കുള്ള മാററം സർവ്വവ്യാപിയായ സാങ്കേതികവും രാഷ്ട്രീയവുമായ ഭരണക്രമത്തിൽ ശക്തിയുടെ ഏകീകരണം തുടങ്ങിയ മാററങ്ങൾ കുടുംബത്തെ തരംതാഴ്ത്തുന്നു. തൊഴിൽ തിരഞ്ഞെടുക്കുന്നതിലും കണ്ടുപിടിക്കുന്നതിലും ജീവിത സമ്പാദ്യം നേടുന്നതിലും പുത്രൻ കുടുംബപാരമ്പര്യത്തെ അല്പം മാത്രമെ ആശ്രയിക്കുന്നുള്ളു.

പ്രാഥമിക പരിതസ്ഥിതിയും ആധുനികസമൂഹവും തമ്മിലുള്ള മറെറാരു വ്യത്യാസം ആനന്ദത്തിന്റെ മൗലിക വസ്തു വിധേയമാകുന്ന മാററങ്ങളിലാണ്. പ്രാഥ

മിക കൂട്ടത്തിലെ പിതാവ് ആഗ്രഹിച്ച സ്ത്രീയായ അമ്മ ജൈവവാസനയുടെയും മരണവാസനയുടെയും ഐക്യത്തിൻെറ പ്രതീകമാണ്. പിതാവിൻെറ സ്വേച്ഛാധിപത്യകുത്തകമനോഭാവത്തെ നിയന്ത്രിക്കപ്പെട്ട വിദ്യാഭ്യാസപരവും സാമ്പത്തികവുമായ അധികാരമായി മാററപ്പെടുന്നു. ആനന്ദതത്വം നിർവ്വഹണതത്വമായി രൂപാന്തരപ്പെടുന്നതോടെ അമ്മയും ഭാര്യയും വേർതിരിക്കപ്പെടുന്നു. ജൈവവാസനയും മരണവാസനയും തമ്മിലുള്ള മാരകമായതാദാത്മ്യം നശിപ്പിക്കപ്പെടുന്നു. കൂടാതെ ''ലൈംഗികതയും വാത്സല്യവും തമ്മിൽ അകററപ്പെടുന്നു'' (EC 69). എന്തെന്നാൽ ഐന്ദ്രിയ സ്നേഹം ലക്ഷ്യരഹിതമായിത്തീരുകയും അതു വാത്സല്യമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇന്ദ്രിയപരവും മസൃണവുംലക്ഷ്യത്തോടുകൂടിയതുമായ ഭാര്യാസ്നേഹത്തിലാണ് ലൈംഗികതയും വാത്സല്യവും വീണ്ടും കണ്ടുമുട്ടുക. ''ലൈംഗിക വസ്തുവിലേയ്ക്കും ലൈംഗിക ലക്ഷ്യത്തിലേയ്ക്കും തിരിഞ്ഞിരിക്കുന്ന ഇന്ദ്രിയ പ്രവാഹവും വാത്സല്യപ്രവാഹവും തമ്മിലുള്ള സുനിശ്ചിത ഏകീകരണത്തിലൂടെയേ സാധാരണ ലൈംഗികജീവിതം പൂർണ്ണമാകയുള്ളൂ'' (SE 7: 207) എന്ന ഫ്രോയ്സിൻെറ ആശയത്തെ ഇതു് ഖണ്ഡിക്കുന്നു.

മാനസിക ഘടനയുടെ പ്രതിബിംബത്തെപ്പററിയുള്ള ഫ്രോയ്ഡിൻെറ ആശയം എങ്ങനെയാണ് ആധുനിക സമൂഹവുമായിബന്ധപ്പെടുത്തുക? ഫ്രോയ്ഡിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ മാനസികഘടനയും പ്രക്രിയകളും സംഘട്ടനങ്ങളും ചരിത്രപരമല്ല. കൃത്യകാലഘട്ടത്തിലോ സമൂഹഘടനയിലോ ഒതുങ്ങുന്നതുമല്ല. പ്രത്യുത, സാർവ്വത്രികമാണ്, മാരകമാണ്, ക്രൂരമാണ് എന്നു മാർക്യൂസ് കരുതുന്നു. അതിനാൽ ഇത്തരം പ്രക്രിയകൾ അപ്രത്യക്ഷമാകുന്നില്ല. പ്രത്യുത വ്യത്യസ്ഥമായ ഉള്ളടക്കങ്ങൾക്കനുസൃതമായി അവ പല രൂപത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. വ്യവസായവത്കൃത സമൂഹത്തിൽ ഇവ നിരീക്ഷിക്കപ്പെടുന്നു എന്നാ

ണ്് മാർക്യൂസിൻെറ പക്ഷം. മനഃസാക്ഷി, അവബോധം തുടങ്ങിയ വിമർശനപരമായ മാനസിക കഴിവുകളുടെ ശക്തിക്ഷയവും സംഭവിക്കുന്നു. വികസിത വ്യവസായ വത്കൃത സമൂഹത്തിൽ ഇത്തരം വിമർശനപരമായ കഴിവുകഠം ചൂഷണം ചെയ്യപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്നു. വ്യക്തിയ്ക്കു് വ്യവസ്ഥാപിതയാഥാർത്ഥ്യതത്വത്തെ നിഷേധിക്കുവാനുള്ളശക്തി ഇല്ലാതെയായിരിക്കുന്നു (FL 51).

പ്രഥമ സമൂഹത്തെപ്പററിയുള്ള പഠനത്തിൽ നാം കണ്ടതുപോലെ പിതാവിൻെറ അധിപത്യത്തെപ്പററിയുള്ള, ഒരു നേതാവിൻെറ ആവശ്യത്തെപ്പററിയുള്ള, ഫ്രോയ്ഡിൻെറ സിദ്ധാന്തത്തിൻെറ ഈ പ്രത്യക്ഷമായ അസാധൂകരണത്തിൽ എങ്ങനെയാണ് വികസിത വ്യവസായവത്കൃത സമൂഹമെന്ന പ്രതിഭാസം മനസ്സിലാക്കുവാൻ സാധിക്കുക? ഫ്രോയ്ഡിൻെറ സിദ്ധാന്തത്തിൽ തന്നെ മാർക്യൂസ് ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നു. എന്തെന്നാൽ ഫ്രോയ്ഡിനെ സംബന്ധിച്ചിടത്തോളം ''ഒരാശയം'' നേതാവിനുപകരമായി സ്വീകരിക്കാം. മുതലാളിത്തവ്യവസ്ഥിതി, കമ്മ്യൂണിസം, ദേശീയലക്ഷ്യം, സ്വാതന്ത്ര്യം തുടങ്ങിയവ അത്തരം 'ആശയ'ങ്ങളുടെ ഉദാഹരണങ്ങളാണ്. ഇവ പിതൃരൂപത്തിന്പകരമായി ജനങ്ങഠം സ്വീകരിക്കുന്ന കാമാസക്തപരമല്ലാത്ത താദാത്മ്യങ്ങളാണ്. പിതൃരൂപം നഷ്ടപ്പെട്ട ഇപ്പോഴത്തെ വ്യവസായവത്കൃതസമൂഹം 'പിതാവില്ലാത്തസമൂഹം, എന്നാണ് വിളിക്കപ്പെടുക.(FL 53). അത്തരം സമൂഹത്തിൽ നശീകരണോജ്ജത്തിൻെറ അത്യുഗ്രമായ വിടുതൽ സംഭവിക്കുന്നു. കാരണം അധികാരിയും മനസ്സാക്ഷിയുമായ പിതാവുമായുള്ള വാസനാപരമായ ബന്ധങ്ങളിൽനിന്നു് വ്യക്തി സ്വതന്ത്രമാകും.

യാഥാർത്ഥ്യതത്വത്തിൻെറ ശക്തി എത്രമാത്രം വ്യാപിക്കുന്നുവോ അത്രമാത്രം ഫ്രോയിഡിൻെറ സിദ്ധാന്തം— നാഗരികത പുരോഗമിക്കുന്നതനുസരിച്ച് അടിച്ചമർത്തൽ വർദ്ധിക്കുന്നു— സത്യമാകുന്നു.

b. അടുത്തതായി നിവ്വഹണതത്വത്തിൻെറ കീഴിൽ അടിച്ചമത്തപ്പെട്ട മാനസികഫലങ്ങളെപ്പററി പ്രതിപാദിക്കാം.

i. വാസനാപരമായ പരിവത്തനത്തിൻെറ സാധ്യത.

വാസനകാംക്ക് അവയുടെ ലക്ഷ്യം മാററാമെന്നും ഒന്നിന് പകരം മറെറാന്ന സ്വീകരിക്കാമെന്നും നാം കണ്ടുകഴിഞ്ഞു അതായതു് ഒരു വാസനയുടെ ഊർജ്ജം മറെറാന്നിലേയ്ക്ക് മാറാം. പ്രത്യേകിച്ചും ലൈംഗികവാസനകാംക്ക് വലിയതോതിൽ ഈ മാററം സംഭവിക്കാം (SE 23: 148) എന്ന് ഫ്രോയ്ഡ് പറയുന്നുണ്ട്. അവ പരസ്പരം മാറുക മാത്രമല്ല 'ഉദാത്തീകരണ പ്രതിഭാസം കാണിക്കുന്നതുപോലെ അവയുടെ പ്രകൃതിയും പ്രവത്തനഗതിയും മാറുന്നു (EC 75). അതിനാൽ വാസനകളുടെ പരിവത്തനം സാധ്യമാണ്. നാഗരികത ഉദാത്തീകരണവുമത്രെ.

വ്യക്തിയുടെ മനസ്സ് മൂന്ന് അടിസ്ഥാന ശക്തികളുമായുള്ള നിരന്തര സംഘട്ടനത്തിലാണെന്ന് മാർക്യൂസ് കാണുന്നു. അവ മരണവാസനയും ജൈവവാസനയും ബാഹ്യലോകവുമാണ്. ഇതു് ഫ്രോയിഡിൻെറ വീക്ഷണത്തിലെ നിർവാണതത്വവും (Nirvana Principle) ആനന്ദതത്വവും യാഥാത്ഥ്യതത്വവുമായി ബന്ധപ്പെട്ടവയാണ്.

## ii ജൈവവാസനയുടെ ബലഹീനമാക്കൽ

നിവ്വഹണതത്വത്തിൻെറ കീഴിലുള്ള വാസനകളുടെ പരിവർത്തനപ്പെടുത്തലിന് ഏററവുമധികം വിധേയമാകുന്നതു് ലൈംഗികവാസനകളാണ്. വാസനാപരമായ പ്രവണതകളുടെ നിയന്ത്രണവും ശരിയായ കൊണ്ടുപോക്കും സംതൃപ്തിയെ വർദ്ധിപ്പിക്കുന്നു. ലൈംഗികതയുടെ നാനാവിധമായ സ്വഭാവത്തെപ്പററി നാം കണ്ടതാണല്ലോ. അവയുടെ ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തി സംസാരിക്കുകയാണെങ്കിൽ ലൈംഗികവാസനകാം മററുള്ളവരുടെയും തൻെറതന്നെയുമായ ശരീരത്തോട് നിഷ്പക്ഷമാണ്. അവ ശരീരത്തിൻെറ പ്രത്യേക

ഭാഗത്തു കേന്ദ്രീകരിക്കപ്പെടുകയോ പ്രത്യേകജോലികഠം ക്കായി നിയുക്തമാക്കപ്പെടുകയോ ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ യാഥാർത്ഥ്യതത്വത്തിനു് ആനന്ദതത്ത്വത്തിന്മേലുള്ള സ്വാധീനത്തിൻെറ ഫലമായി പ്രത്യുല്പാദനക്ഷമതയ്ക്കായി മാത്രം ലൈംഗികപ്രവർത്തിയും സന്തോഷവും സംജാതമാക്കപ്പെട്ടിരിക്കുന്നു. ജീവാവയവത്തെ ഭരിക്കുന്ന ജൈവവാസന ലൈംഗികതയെക്കാളും വലുതാണു് എന്ന അർത്ഥത്തിൽ ജീവാവയവം ലൈംഗികതയുടെയും ആനന്ദതത്വത്തിൻെറയും ശക്തിയുള്ള ഒരു പ്രതലമാണെന്നു പറയാം. ജൈവവാസന ഒരിയ്ക്കലും ഒരു ഭാഗികവാസനയല്ല. പ്രത്യുത ജീവാവയവത്തെ ഭരിക്കുന്ന ശക്തിയാണു്.

നാഗരികതയെ ജനിപ്പിക്കുന്ന ഉദാത്തീകരണം അധ:ലൈംഗികീകരണം (desexualisation) ഉൾക്കൊണ്ടിരിക്കുന്നു. ആനന്ദതത്വത്തിൻെറ ക്രമാനുഗതമായ നിയന്ത്രണത്തിലൂടെ നിർവ്വഹണതത്വം ഈ അധഃലൈഗികീകരണപ്രക്രിയ നിർവ്വഹിക്കുന്നു. അഗമ്യഗമനം (taboo on incest) എന്ന സാമൂഹ്യതിന്മയിൽ ആരംഭിച്ചു് ജൈവവാസനയുടെ ഈ പരിവർത്തനം ഇഡിപ്സ് മനോഗതിയും പിതൃമേധാവിത്വത്തിൻെറ ആന്തരീകരണവും വഴി ജൈവവാസന ലൈംഗികതയിലേയ്ക്കു മാററപ്പെടുന്നു (FL 34). ഫ്രോയ്ഡിനെ അനുകരിച്ചുകൊണ്ടു് ഈ അധഃലൈംഗികീകരണത്തിൻെറ രണ്ടുവശങ്ങളെ മാർക്യൂസ് വെളിച്ചത്തു കൊണ്ടുവരുന്നുണ്ടു്. ഒന്നാമതായി ''ഭോഗികവാസനകളുടെ'' വിലക്കലാണു്. അതായതു് ഒരു സമ്പൂർണ്ണ കാമോത്തേജക മേഖലയെന്ന നിലയിൽ ശരീരത്തിൽനിന്നു പുറപ്പെടുന്ന പ്രാഗ്ജനനീയവും അജനനീയവുമായ ലൈംഗികത. രണ്ടാമതായി ലൈംഗികതയും ലൈംഗികവിഷയവും ''സ്നേഹത്തിൽ'' അധഃലൈംഗികീകരണവും ചെയ്യപ്പെടുന്നു. ഇതിനെയാണു് ജൈവവാസനയുടെ ധാർമ്മീകമെരുക്കിയെടുക്കൽ എന്നു് മാർക്യൂസ് വിളിക്കുന്നതു്. ഇങ്ങനെ ജൈവവാസന ജീവാവയവത്തെ മൊത്തമായി സ്വാധീനിക്കാത്ത ഒരു ശക്തിയായി മാറുന്നു. ജനനേന്ദ്രിയതയിലേക്കുള്ള ലൈം

ഗികതയുടെ പരിവർത്തനം ആനന്ദത്തെ വർദ്ധമാനമാക്കുന്ന അടിച്ചമർത്തലിൻെറ വേദികളാണ്. അടിസ്ഥാനപരമായ അടിച്ചമർത്തലും അമിത അടിച്ചമർത്തലും തമ്മിൽ ഒത്തിണങ്ങുന്നതായ പുരോഗതിയുടെയും നാഗരികതയുടെയും നാമത്തിലാണ് അടിച്ചമർത്തൽ സ്ഥിരീകരിക്കപ്പെടുക. ജനനേന്ദ്രിയതയിലേയ്ക്കുള്ള ലൈംഗികതയുടെ കീഴ്പ്പെടുത്തൽവഴി ലൈംഗികതയും പ്രജനനദൗത്യവും ഒന്നാക്കപ്പെടുന്നു. ലൈംഗികതയെ പരിമാണികവും ഗുണപരവുമായ നിയന്ത്രണത്തിലേയ്ക്കു നയിക്കുന്ന ഏകഭാര്യാഭർത്തൃബന്ധത്തിലേയ്ക്കാണ് ഈ പ്രജനനലൈംഗികതയെ മിക്ക നാഗരികതകളിലും തിരിച്ചു വിടുക. കാമോത്തേജകമേഖലകളുടെ അധഃലൈംഗികീകരണം വഴിയാണ് ഈ അടിച്ചമർത്തൽ സാധ്യമാവുന്നതു്.

പ്രജനനപരവും ഏകഭാര്യാഭർത്തൃപരവുമായ ഘടന ലൈംഗികതയുടെ പ്രകൃതിയെത്തന്നെ മാററുന്നു. ഒരു ജീവാവയവത്തെ ഭരിക്കുന്ന ആനന്ദതത്വത്തിൻെറ അടിസ്ഥാനത്തിൽ പ്രത്യുല്പാദനം വെറുമൊരു ഉപോല്പന്നം മാത്രമാണ്. ലൈംഗികതയുടെ ലക്ഷ്യം ഈ നിബന്ധനകളുടെ ഉള്ളിലാകുമ്പോൾ മൃത്യുപരമായി ഭവിക്കുന്നു. ജനനസംബന്ധിയായവയിലേയ്ക്കു മാത്രമായുള്ള ലൈംഗികതയുടെ ഉദാത്തീകരണം വാസനാപരമായ ഘടനയുടെ സന്തുലിതാവസ്ഥയെത്തന്നെ തെററിക്കുന്നു. കാരണം ജീവിതമെന്നതു് ജൈവവാസന, മരണവാസന എന്നീ അടിസ്ഥാനവാസനകളുടെ സംയോഗമാണ്. ഇവിടെ ആദ്യത്തേതു് അതിൻെറ വൈരിയായ രണ്ടാമത്തേതിനു കീഴ്പ്പെട്ടിരിക്കുകയാണ്. ഫ്രോയ്ഡ് വാസനകളുടെ സംയോഗങ്ങളെപ്പററി പറയുമ്പോൾ വിയോഗമെന്ന പ്രതിഭാസത്തെപ്പററി ഇപ്രകാരമാണ് പറയുക: ഉദാത്തീകരണത്തിനുശേഷം ജൈവവാസനയ്ക്കു് അതിനോടുചേർന്നിരിക്കുന്ന നശീകരണപ്രവണതയെ പിടിച്ചുനിർത്താനുള്ള ശക്തി തീരെ ഇല്ല. ഇതു് അക്രമത്തിലേയ്ക്കും നശീകരണത്തിലേയ്ക്കുമുള്ള ചായ്വിലൂടെ വെളിപ്പെടുത്തപ്പെടുന്നു. (SE 19:54)

സംസ്ക്കാരനിർമ്മാതാവായ ജൈവവാസനയെ ബലക്ഷയപ്പെടുത്തുകയാണ് അഹത്തിൻെറ ഉദാത്തീകരണമാവശ്യപ്പെടുന്ന സംസ്ക്കാരം ചെയ്യുന്നതു്.

## iii **മരണവാസനയുടെ വിമോചനം** (Release)

അഗമ്യഗമനം (taboo on incest) എന്ന സാമൂഹ്യതിന്മയിലൂടെയാണ് മരണവാസനയുടെ അടിച്ചമർത്തപ്പെട്ട പരിവർത്തനത്തിലേയ്ക്കുള്ള ആദ്യപടി. എന്തെന്നാൽ പിതാവിൻെറ സ്വാധീനത്തിലുള്ള മാതാവിനെ ലഭ്യമാകാത്തതു് മരണവാസനയിന്മേലുള്ള ആധിപത്യമാണ് സൂചിപ്പിക്കുന്നതു്. എന്തുകൊണ്ടാണ് മരണവാസനയെ കീഴ്പ്പെടുത്തേണ്ടി വരിക? കാരണം അമ്മയുടെ ഉദരത്തിലേയ്ക്കു തിരിച്ചു വരാനുള്ള വാഞ്ചാ—ആനന്ദദായകവും വേദനാരഹിതവുമായ ജീവിതാവസ്ഥ—ജീവിതത്തിൽ അനാവശ്യമാണ്: ജീവിതപുരോഗതിക്കും തടസ്സം. മരണവാസനയുടെ ഊർജ്ജത്തെ സാമൂഹ്യമായി ഉപയോഗപ്രദമായ ഊർജ്ജമായി പുറത്തേക്കുവിട്ടു് പ്രകൃതിയിന്മേലുള്ള ആധിപത്യം സ്ഥാപിച്ച് സാങ്കേതിക പുരോഗതി കൈവരുത്തണമെന്ന് യാഥാർത്ഥ്യതത്വം നിർബന്ധിക്കുന്നു. വസ്തുക്കളെയും ജീവികളെയും (ചിലപ്പോഴൊക്കെ മനുഷ്യനെയും) ആക്രമിക്കുന്നതിലൂടെ വ്യക്തി ലോകത്തിൻെറമേലുള്ള തൻെറ ആധിപത്യത്തെ വിഫലീകരിക്കുന്നു. അതിലൂടെ നാഗരികതയുടെ സമ്പന്ന ഘടകങ്ങളിലേയ്ക്കു് എത്തിക്കൊണ്ടിരിക്കുന്നു. (EC 47)

പിന്നെ ആന്തരികമായി വർത്തിക്കുന്ന നശീകരണപ്രവണത അത്യഹത്തിൽ സ്ഥിതിചെയ്യുന്ന സാമൂഹികസാന്മാർഗ്ഗികതയും മനഃസാക്ഷിയുമായി പ്രവർത്തിക്കുന്നു. അതു് അഹത്തിനെതിരായി യാഥാർത്ഥ്യതത്വത്തിൻെറ അവകാശങ്ങളെയും അഗ്രഹങ്ങളെയും പ്രവർത്തിപഥത്തിലാക്കുന്നു. അങ്ങനെ നാഗരികമായ സാന്മാർഗ്ഗികത ഉടലെടുക്കുന്നു. അഹത്തെ 'ഇദ്ദി'നെതിരായി തിരിച്ചുകൊണ്ടാണ് അത്യഹം അതു് നേടിയെടുക്കുന്നതു്.

## iv അന്യവത്കൃത തൊഴിൽ (Alienated Labour)

ജൈവവാസന, മരണവാസന എന്നീ അടിസ്ഥാനവാസനകളുടെ അടിച്ചമർത്തപ്പെട്ട പരിവർത്തനത്തിൽ തൊഴിൽ എന്ന പ്രതിഭാസത്തിനു് അതിൻേറതായ അനന്തരഫലമുണ്ടു്. കാരണം അടിച്ചമർത്തപ്പെട്ട പരിവർത്തനം ജോലിക്കായി മനഃശാസ്ത്രപരമായ ഒരടിസ്ഥാനം സൃഷ്ടിക്കുന്നു. നിവ്വഹണതത്വത്തിൻ കീഴിൽ ഇതു് ഒരു അന്യവത്കൃതതൊഴിലായിത്തീരുകയാണു്. യാഥാത്ഥ്യതത്വത്തിൻേറ പിന്നിൽ പ്രവർത്തിക്കുന്ന അവശ്യകതത ജോലിയെ ആവശ്യകമാക്കുന്നു. പകതവന്ന വ്യക്തിയുടെ അസ്ഥിത്വം മുഴവൻതന്നെ നീണ്ടുനിൽക്കുന്ന പ്രവൃത്തിയുടെ ദൈർഘ്യത്തിൽ ആനന്ദം കണ്ടെത്തുന്നില്ല (EC33).

ഇല്ലായ്മയുടെ പേരിൽ അടിച്ചമത്തലിനെ സ്ഥിരീകരിക്കുന്ന ഫ്രോയിഡിൻേറ അതിമനഃശാസ്ത്രത്തെ മാർക്യൂസ് നിഷേധിക്കുന്നു. കാരണം ദുർലഭമെന്ന (Scarcity) മൂഗിയ വസ്തുതയെ ദുർലഭമെന്ന ഘടനയിൽ നിന്നു് വേർതിരിക്കേണ്ടതുണ്ടു്.

യാഥാത്ഥ്യതത്വത്തിലൂടെ ആനന്ദതത്വത്തെ കീഴടക്കുന്നതിൻേറ ഫലമായി പുരോഗതിക്കാവശ്യമായ സാങ്കേതികവും പദാത്ഥികവും ബൗദ്ധികവുമായ വ്യവസ്ഥകളുടെ ഉല്പാദനം സാധ്യമാകുന്ന സാംസ്ക്കാരിക പുരോഗതി ഉണ്ടാവുന്നു. ഇവിടെ യാഥാത്ഥ്യ തത്വം പുരോഗമന തത്വമായി മാറുകയാണു്. അതായതു് അസംതൃപ്തമെങ്കിലും ജോലിയിലൂടെ സംതൃപ്തിക്കായുള്ള മാർഗ്ഗത്തിലേക്കാണു് പ്രയാണം. ജീവിതാവയവം ആനന്ദരഹിതമായ തൊഴിലിനുവേണ്ടിയുള്ള ഒരുപകരണമായി മാറുന്നു. തന്മൂലം മനുഷ്യജീവിതത്തിൻേറ ലക്ഷ്യം തന്നെ സൗഭാഗ്യത്തിൽനിന്നു് തൊഴിലിലേക്കു മാററപ്പെടുന്നു. ഈ തൊഴിൽ അന്യവത്കൃതമാണുതാനും. ഓരോദിവസവും നിവ്വഹിക്കേണ്ടതായ സാമൂഹ്യപ്രവത്തികളാൽ മനുഷ്യൻ വളരെ തിരക്കിലാണു്. അങ്ങനെ ആനന്ദം ഒരു സമയഭാഗമായി മാറുന്നു. ആനന്ദത്തി

നായുള്ള സമയം ലഘൂകരിക്കപ്പെടുന്നു. ജീവിതം തന്നെ മുഴുവൻ ജോലിയായിത്തീർന്നിരിക്കുന്നു. ജോലിയിലുള്ള ആനന്ദം ജോലിയ്ക്കു ശേഷമുള്ളതായി മാറിയിരിക്കുന്നു. പ്രവർത്തിയും ജൈവവാസനയും തമ്മിലല്ല, പ്രത്യുത അന്യവത്കൃത പ്രവർത്തിയും ജൈവവാസനയും തമ്മിലാണു് പൊരുത്തക്കേടു് എന്നു് മാർക്ക്യൂസ് പറയുന്നു. അതുകൊണ്ടു് തൊഴിൽ ആവശ്യമാണു് (EC 43).

## 2. വ്യവസ്ഥാപിത യാഥാർത്ഥ്യത്തിന്റെ വ്യുൽപത്തി.

യാഥാർത്ഥ്യതത്വത്തിന്റെ ചരിത്രപരമായ പരിവർത്തനം ആധിപത്യത്തിന്റെ തന്നെ പരിവർത്തനം സംജാതമാക്കി. അങ്ങനെ പ്രഥമ പിതാവു മുതൽ ഇന്നുവരെ ആധിപത്യം വർദ്ധിച്ചു കൊണ്ടിരുന്നു. നിർവ്വഹണതത്വത്തിന്റെ നിയമത്തിന്റെ കീഴിൽ പ്രാഥമികവാസനകളുടെ രൂക്ഷമായ പരിവർത്തനം സംഭവിച്ചു. അതായതു് ജൈവവാസനകളുടെ ബലഹീനമാക്കലും നശീകരണവാസനകളുടെ പ്രബലമാക്കലും. നിർവ്വഹണതത്വത്തിന്റെ സ്ഥിരീകരണമുള്ള ആധുനികവികസിത വ്യവസായവത്കൃത നാഗരികതയെ മാർക്ക്യൂസ് നിശിതമായി വിമർശിക്കുന്നുണ്ടു്.

മാർക്ക്യൂസിന്റെ അപഗ്രഥനത്തിൽ കാണുന്ന മൂല്യനിർണ്ണയത്തെക്കുറിച്ചുള്ള ആപ്തവാക്യമിതാണു്. ''നിലവിലുള്ള സമൂഹത്തിൽ മനുഷ്യജീവിതത്തിന്റെ പരിഷ്കരണത്തിനുള്ള കൃത്യമായ സാധ്യതകളുണ്ടു്; ഈ സാധ്യതകൾ യാഥാർത്ഥീകരിക്കാനുള്ള കൃത്യമായ വഴികളും ഉപായങ്ങളുമുണ്ടു്'' (OM XI). എന്നാൽ വ്യവസ്ഥാപിത വ്യവസായവത്കൃത സമൂഹത്തിൽ ''വളരുന്ന ഉല്പാദനശേഷിയുടെയും വളരുന്ന നശീകരണത്തിന്റെയും ഐക്യം; അപൂർവ്വ ധനത്തിന്റെ മുമ്പിൽ ദാരിദ്ര്യം'' (OM XII) മുതലായവ പക്ഷപാതരഹിതമായ കുററാരോപണമാണു്. കാരണം വ്യവസ്ഥാപിത യാഥാർത്ഥ്യതത്വത്തിൽ ബൗദ്ധികവും പാദാർത്ഥികവുമായ ധാരാളം വിഭവങ്ങളുണ്ടു്. എന്നാൽ പ്രയോജനകരമായ

ഈ വിഭവങ്ങൾ വ്യക്തികളുടെ ആവശ്യങ്ങളുടെ ശുഭകരമായ പൂർത്തീകരണത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. വ്യവസ്ഥാപിത സമൂഹത്തിന്റെ അപഗ്രഥനം അതിന്റെ വ്യുൽപത്തിരാഹിത്യത്തെ വ്യക്തമാക്കുന്നു.

''ആഡംബരവസ്തുക്കളുടെയും മിച്ചസാധനങ്ങളുടെയും രൂപ്പാൻ ചെയ്ത പഴക്കത്തിന്റെയും അർദ്ധസൈനികമായ ഉപകരണങ്ങളുടെ ഉല്പാദനത്തിന്റെയും'' (EL 7) ആകെത്തുകയാണ് ഈ സമൂഹം. എല്ലാവിധ വിരോധാഭാസങ്ങളും ഉണ്ടെങ്കിലും ഈ സമൂഹത്തിന്റെ സമ്പത്ത് കുറയുന്നില്ല. പ്രത്യുത ഉപര്യുപരി സമ്പുഷ്ടമാകുന്നതേയുള്ളു. കുറയുന്നതെന്താണ്? സ്വാതന്ത്ര്യവും സൗഭാഗ്യവും. സ്വേച്ഛാധിപത്യപരമായ ഘടകങ്ങൾ രാഷ്ട്രീയത്തിൽ കടന്നുകൂടിയിരിക്കുന്നു. ''ഇതിന്റെ രാഷ്ട്രീയക്കാരിലും വിനോദക്കാരിലും കാണുന്ന പുഞ്ചിരിയിലും വാക്കുകളിലും ഇതു നികൃഷ്ടമാണ്; ഇതിന്റെ പ്രാർത്ഥനകളിലും ഇതു നികൃഷ്ടമാണ്. ''(EL 7). എല്ലാ മാനുഷികാവശ്യങ്ങളും നിയന്ത്രിതമാണ്; മാത്സര്യപൂർവ്വകമാണ്. ചൂഷണം മാനസികതലത്തിലേയ്ക്കു കടന്നുവന്നതിനാൽ വ്യക്തികൾ ചൂഷണത്തെപ്പററി ബോധവാന്മാരല്ല. ''ജോലിക്കാരനും അവന്റെ യജമാനനും ഒരേ ടെലവിഷൻ പ്രോഗ്രാം ആസ്വദിക്കുകയും ഒരേ അഭയസ്ഥാനം നേടുകയുമാണെങ്കിൽ, യജമാനന്റെ മക്കൾ അണിഞ്ഞൊരുങ്ങുന്നതുപോലെ ടൈപ്പിസ്ററും അണിയുകയാണെങ്കിൽ, അവരെല്ലാവരും ഒരേ പത്രം വായിക്കുകയാണെങ്കിൽ, ഈ താദാത്മ്യപ്പെടൽ സൂചിപ്പിക്കുന്നതു് വർഗ്ഗത്തിന്റെ അപ്രത്യക്ഷപ്പെടലല്ല പ്രത്യുത ജനങ്ങളുടെ മേലുള്ള വ്യവസ്ഥിതിയുടെ വ്യാപ്തിയെയാണ്''(OM 8). അങ്ങനെ വ്യവസ്ഥാപിത യാഥാർത്ഥ്യതത്ത്വം ''ഏകമാന''മാണെന്നു പറയാം. എല്ലാം ക്രമീകൃതവും ഏകീകൃതവും സമഗ്രീകൃതവുമാക്കപ്പെടുന്നു.

## 3. രാഷ്ട്രീയ സമഗ്രീകരണം.

വികസിത വ്യവസായവത്ക്കൃത സമൂഹങ്ങളുടെ രാഷ്ട്രീയ തലത്തിലെ ദൃഢീകരിക്കുന്നതും സമഗ്രീകരിക്കുന്നതുമായ ശക്തികളെപ്പററി ഇവിടെ പരാമർശിക്കുതാണ്.

a. വ്യവസ്ഥാപിതയാഥാർത്ഥ്യതത്വം വിപുലമായ രീതിയിൽ വ്യക്തിയുടെ ആവശ്യങ്ങഠം സംതൃപ്തിപ്പെടുത്തുവാനുള്ള സാധ്യത നൽകുന്നു. അതിനോടൊപ്പം ഇതു് വ്യക്തിയെ അവൻെറ സ്വാതന്ത്ര്യത്തിൽ നിന്നും സ്വേച്ഛാനുവർത്തനത്തിൽനിന്നും വിമർശന ശക്തിയിൽ നിന്നും വിമുക്തനാക്കുകയും ചെയ്യുന്നു. തന്മൂലം വ്യക്തികഠം സമൂഹത്തിൻെറ അടിച്ചമർത്താനുള്ള ഉപായങ്ങളെ ആശ്ലേഷിക്കുന്നു. യന്ത്രങ്ങളും ഉപകരണങ്ങളും വ്യക്തികളുടെ സന്തോഷവും വർദ്ധിപ്പിക്കുന്നു എന്നവർ കരുതുന്നു. എന്നാൽ മനുഷ്യനിർമ്മിതമായ വസ്തുക്കഠം അടിച്ചമർത്തൽ ശക്തിപ്പെടുത്തുകയേ ഉള്ളൂ. കൂടാതെ അവ അവരുടെ അസ്ഥിത്വത്തിൻെറ ഭാഗമായിത്തീരുകയും ചെയ്യും. അവരുടെ അസ്ഥിത്വം തന്നെ അവർ ചന്തയിൽനിന്നു വാങ്ങുന്ന വ്യാപാരചരക്കിൻെറ അവിഭാജ്യഘടകമായിത്തീരുന്നു. സമൂഹം വ്യക്തിയുടെ ആവശ്യങ്ങഠം സഫലീകരിക്കുന്നുണ്ടോ എന്ന ചോദ്യത്തിനു് ''ഉണ്ടു്'' എന്നു് മാർക്യൂസ് ഉത്തരം നൽകും. പക്ഷെ സംതൃപ്തിയും അടിച്ചമർത്തപ്പെട്ട സംതൃപ്തിയും തമ്മിലുള്ള വ്യത്യാസം എടുത്തു കാണിക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനാണ്. വ്യവസ്ഥാപിതസമൂഹത്തിൻെറ നിരന്തരമായ പ്രവർത്തനം മൂലം ആവശ്യങ്ങളുടെ സംതൃപ്തി, തെററായ ആവശ്യങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനാൽ അവ അടിച്ചമർത്തുന്നവയാണ്. അസന്തുഷ്ടിയിലും ജനങ്ങഠം സുഖം കണ്ടെത്തുന്നു. ''വിശ്രമിക്കുക, തമാശപറയുക. പരസ്യങ്ങഠംക്കനുസൃതമായി പെരുമാറുകയും സ്വീകരിക്കുകയും ചെയ്യുക, മററുള്ളവർ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്നതിനെ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുക, തുടങ്ങിയവ തെററായ ആവശ്യങ്ങളുടെ വകുപ്പിൽ പെ

ട്ടുന്നു'' (OM5). തെററായ ആവശ്യങ്ങൾ അടിമത്തം വർദ്ധിപ്പിക്കുന്നു.

b. ആവശ്യങ്ങളുടെ അടിച്ചമർത്തപ്പെട്ട സംതൃപ്തിയെ പററിയുള്ള അപഗ്രഥനം വികസിത വ്യവസായവത്കൃത സമൂഹത്തിലെ തൊഴിലാളികളുടെ സമഗ്രീകരണത്തെക്കുറിച്ചുള്ള പഠനത്തിലേയ്ക്കു നമ്മെ നയിക്കുന്നു. തൊഴിലാളികളെ വിപ്ലവശക്തിയായി കാണുന്ന മാർക്സിൻെറ വീക്ഷണത്തെ, തൊഴിലാളി വർഗ്ഗത്തിൻെറ സമഗ്രീകരണത്തെക്കുറിച്ചുള്ള മാർക്യൂസിൻെറ ആശയം വിവർണ്ണമാക്കുകയാണ്.

സോഷ്യലിസത്തിൻെറ ഉത്ഭത്തിരിയൽ തൊഴിലാളി വർഗ്ഗത്തിൻെറ സംരംഭമായാണ് കാറൽ മാർക്സ് കാണുന്നതു്. തൊഴിലാളി മാത്രമാണ് സോഷ്യലിസം നിർമ്മിക്കുന്ന ഏക ശക്തി. തൊഴിലാളി വിപ്ലവം ഒരു പുതിയസമൂഹം സൃഷ്ടിക്കുന്നു. തൊഴിലാളി വർഗ്ഗത്തിൻെറ വിമോചനം അതിൻെറ തന്നെ പ്രവർത്തനമാകയാൽ അതു് തൊഴിലാളികളുടെ ഭാഗത്തു നിന്നു് യാഥാർത്ഥ്യത്തെപ്പററിയുള്ള അവബോധം പ്രതിക്ഷിക്കുന്നു. തൊഴിലാളി രാഷ്ട്രീയയന്ത്രത്തെ നശിപ്പിച്ചു കൊണ്ടു് സാങ്കേതിക ശാസ്ത്രമായതിനെ പുലർത്തുന്നതിനാൽ ഇതു് ഒരു രാഷ്ട്രീയ വിപ്ലവവും കൂടിയാണ് (OM 22) നശീകരണവും ധനക്ഷയവും മുതലാളിത്തസമൂഹത്തിൽ പ്രബലമായിരുന്നാൽ ഒരു വിപ്ലവശക്തിയായി തൊഴിലാളികൾ സംഘടിക്കുകയും സമൂഹത്തിൽ തന്നെ നിന്നു് അതിൻെറ ശവക്കുഴി തോണ്ടുന്നതുമാണ്.

ക്ലാസ്സിക്കൽ മാർക്സിയൻ സിദ്ധാന്തത്തെ മാർക്യൂസ് നിരാകരിക്കുന്നു. വ്യവസ്ഥാപിത വ്യവസായവത്കൃത സമൂഹത്തിൻെറ അടിച്ചമർത്തൽ തൊഴിലാളികളുടെ അവബോധം നശിപ്പിക്കുമെന്നു് അദ്ദേഹം പറയും. അനുസ്യൂതം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഉല്പാദനക്ഷമതയുടെയും നിത്യം വളരുന്ന സുഖജീവിതത്തിൻെറയും കീഴിൽ വിരോധാഭാസങ്ങൾ അപ്രത്യക്ഷമാകുകയും വ്യുല്പത്തിയുടെ സ്ഥാനം വ്യുല്പത്തിരാഹി

ത്യം ഏറ്റെടുക്കുകയും ചെയ്യുന്നു. പക്വമായ മുതലാളിത്തത്തിൽ 'വര്ഗ്ഗസമര'ത്തെക്കാൾ 'വർഗ്ഗസഹകരണ'ത്തിനുള്ള പ്രവണതയാണു് കാണുന്നതു്. ഇതിനെ സംബന്ധിക്കുന്ന മാർക്യൂസിൻെറ ഉൾക്കാഴ്ചകൾ മുന്നായിതിരിക്കാം.

a. വികസിത വ്യവസായവത്കൃത സമൂഹത്തിലെ തൊഴിലാളിക്ക് വിപ്ലവാത്മക പ്രാഗത്ഭ്യവും ശക്തിയും നഷ്ടപ്പെട്ടതായി കാണുന്നു. നിലവിലിരിക്കുന്ന സമൂഹത്തെ ചോദ്യം ചെയ്യാതെ തന്നെ അവർ തങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ശ്രമിക്കുന്നു.

b. തൊഴിലാളിയുടെ യഥാർത്ഥ വിപ്ലവത്തെ പരിഗണിക്കാൻ തയ്യാറാകാത്ത സോവ്യററ് മാർക്സിസം യാഥാർത്ഥ്യത്തിൻെറ നിർവ്യാജമായഗ്രഹണം നഷ്ടപ്പെടുവാൻ വിധിക്കപ്പെട്ടിരിക്കയാണു്.

c. തൊഴിലാളിക്കു് അവൻെറ വിപ്ലവാത്മകശക്തി നഷ്ടപ്പെട്ടതിനാലും മുതലാളിത്തത്തിൻെറ ആദർശങ്ങളോടു് ഒത്തുചേർന്നുനില്ക്കാൻ സോവ്യററ് മാർക്സിസം തയ്യാറായതിനാലും മാർക്സിസത്തിൻെറ ഔപചാരികവും താത്വികവുമായ വ്യക്തിത്വം ക്യൂബൻ സോഷ്യലിസ്റ്റുകൾ, ചൈനയിലെ കമ്യൂണിസ്റ്റുകാർ, ചേരിനിവാസികൾ തുടങ്ങിയ ഒരു ന്യൂനപക്ഷം മാത്രമെ നിലനിർത്തുന്നുള്ളു.

തന്നെയുമല്ല, ജോലിയുടെ രീതിയിലും ഘടനയിലും മാററം വരുന്നു. ശാരീരിക തൊഴിൽ കുറയുന്നു. യന്ത്രത്തിൻെറ പ്രചരണവും ഫാക്ടറികളിലെ അതിയന്ത്രവത്കരണവും മനുഷ്യൻെറ ഇടപെടലിനെ കുറയ്ക്കുന്നു. ശാരീരികോർജ്ജത്തിൻെറ ഈ മാററം തൊഴിലാളിയെപ്പററിയുള്ള മാർക്സിൻെറ വീക്ഷണത്തെ തകിടം മറിക്കുകയാണിവിടെ. വ്യവസായവത്കരണത്തിൻെറ ആരംഭഘട്ടത്തിൽ തൊഴിലാളി ഭാരം ചുമക്കുന്ന മൃഗമാണു്. ഇപ്പോൾ ആ സ്ഥിതിമാറി. സാർത്ര് പറയുന്നതുപോലെ ''അർദ്ധസ്വയം പ്രേരിതയന്ത്രങ്ങൾ പ്രചാരത്തിലായതോടെ, നൈപുണ്യമുള്ള സ്ത്രീ തൊഴിലാളി

ST. ANTONY'S MONASTERY
Phone : 3140

കാം ലൈംഗിക ദിവാസ്വപ്നത്തിൽ എത്തികൊണ്ട് തങ്ങളെത്തന്നെ തൊഴിൽ വിമുക്തരാക്കുന്നു. അവർ കിടക്കമുറിയും കിടക്കയും രാത്രിയും അതുപോലെ ദമ്പതിമാരുടെ ഏകാന്തതയിൽ ഒരു വ്യക്തിയെ സംബന്ധിക്കുന്നതെല്ലാം ഓർമ്മിക്കുന്നു. എന്നാൽ അവളിലുള്ളയന്ത്രമാണ് തലോടലിനെ സ്വപ്നം കണ്ടുകൊണ്ടിരുന്നത്....'' (OM 26)

അതുപോലെ വികസിത വ്യവസായവത്കൃത സമൂഹത്തിൽ ''വെള്ളകോളർ'' ജോലിക്കാരുടെ എണ്ണം കൂടുകയും ''നീലകോളർ'' ജോലിക്കാരുടെ എണ്ണം കുറയുകയും ചെയ്യുന്നു. ഇതർത്ഥമാക്കുന്നത് ക്രൂരമായചൂഷണത്തിൻെറ പ്രഹരം പേറിയവരായ പരമ്പരാഗതമായ തൊഴിലാളിവർഗ്ഗം ഉല്പാദന പ്രക്രിയയിൽ സാവധാനം കുറഞ്ഞജോലി മാത്രം നോക്കുന്നു എന്നത്രെ. ഇതു് ഉല്പാദനത്തിൻെറ അടിസ്ഥാനപരമായ ഉപകരണങ്ങളുടെ സ്വഭാവത്തിൽതന്നെ ഒരു മാററം സംജാതമാക്കുവാൻ പര്യാപ്തമാണ്. തൊഴിലാളിവർഗ്ഗത്തിൻെറ നിഷേധസ്വഭാവം ഇല്ലാതായിത്തീർന്നു സമൂഹവുമായി ''ലോഹ്യ'' ത്തിൽ എത്തിച്ചേരുന്നു. ഇതു് ഒരു രാഷ്ട്രീയ സമഗ്രീകരണം തന്നെ.

## 4. സാംസ്കാരിക സമഗ്രീകരണം

വികസിത വ്യവസായവത്കൃത സമൂഹം രാഷ്ട്രീയത്തിൽ മാത്രമല്ല സംസ്കാരത്തിലും സമഗ്രീകരണം നേടിക്കഴിഞ്ഞു.. സാങ്കേതിക വ്യുൽപത്തി വിപരീത ഘടകങ്ങളെയും 'ഉന്നതമായ സംസ്ക്കാര' (Higher culture) ത്തെയും ഇല്ലാതാക്കി. പ്രാഗ്സാങ്കേതിക ശാസ്ത്രസംസ്ക്കാരം ഉന്നതമായ ഒരു സംസ്ക്കാരം പുലത്തികൊണ്ടു പോന്നിരുന്നു. ബിസിനസ്സിൻെറയും വ്യവസായശാലകളുടെയും ലോകത്തിൽ ഗ്രാമങ്ങൾക്കും താഴ്വരകൾക്കും താളത്തിനും ചിന്തയ്ക്കും ധ്യനത്തിനും(OM 59) സ്ഥാനമില്ല.

a) കലയുടെഅധോദാത്തീകരണം (Desublimation).
കല ഇപ്പോൾ ഒരു കച്ചവടച്ചരക്കായി മാറി എന്നു

മാർക്യൂസ് പറയുന്നു. തന്മൂലം കലയ്ക്ക് അന്യവത്കൃത സ്വഭാവം(OM 60) നഷ്ടപ്പെട്ടു. കാല്പനികഘടകങ്ങൾ ഉൾക്കൊള്ളുന്ന പ്രാചീന പ്രതിരൂപങ്ങൾ സാങ്കേതിക ശാസ്ത്ര പരമായ സമൂഹവുമായി സൗന്ദര്യാത്മകമായി ഒത്തുപോകുന്നതല്ല. കലാപരമായ സത്യവും വിഭിന്നമാണ്. ഉദാഹരണമായി ഫ്ളോബർട്ടിന്റെ മാഡംബോവറി. അതുപോലെ "ക്ഷേത്രത്തിനോ കത്തിഡ്രലിനോ ചുററുമുള്ള ജനങ്ങൾക്ക് അവ എത്ര മാത്രം അടുത്തുള്ളതും ബന്ധപ്പെട്ടതും ആയാലും ശരി, അടിമയുടെയോ ഗ്രാമീണന്റെയോ ശില്പിയുടേയോ ദൈനംദിന ജീവിതത്തോട് അവഭീകരവും ഉന്നതവുമായ ഭിന്നതയാണ് കാണിക്കുന്നതു്." (OM 63). കലയും സമൂഹവും തമ്മിലുള്ള വിടവ് വികസിത വ്യവസായവത്കൃത സമൂഹം നികത്തി. രണ്ടാമത്തേതു് ആദ്യത്തേതിനെ വിഴുങ്ങി. സാമാന്യവത്കരണത്തിന്റെയും അധോദാത്തീകരണം വഴിയായി കലയുടെ അന്യവത്കൃത സ്വഭാവം നഷ്ടപ്പെടുകയും ചെയ്തു.

b) ലൈംഗികതയുടെ അധോദാത്തീകരണം

ലൈംഗികതയുടെ തലത്തിൽ പോലും സാങ്കേതിക ശാസ്ത്രപരമായ സമൂഹം അതിന്റെ ആധിപത്യത്തിൽ എത്തിയിരിക്കുകയാണ്. വ്യവസ്ഥാപിത യാഥാർത്ഥ്യതത്വം തന്നെത്തന്നെ സംരക്ഷിക്കുന്നതിനും ആനന്ദതത്വത്തെ കീഴ്പ്പെടുത്തുന്നതിനും വേണ്ടി ആനന്ദതത്വത്തെ ഉപയോഗിക്കുന്നു. വ്യവസ്ഥാപിത യാഥാർത്ഥ്യതത്വത്താൽ വാസനാപരമായ ഊർജ്ജത്തിന്റെ അടിച്ചമർത്തപ്പെട്ട ഉപയോഗത്തിൽ രണ്ടു പ്രധാന പ്രക്രിയകളാണ് മാർക്യൂസ് രേഖപ്പെടുത്തുക. (OM 72).

ഒന്നാമതു്, ചുററുപാടുകളുടെ അധഃശൃംഗാരീകരണം (De-erotization) നടക്കുന്നു.

സാങ്കേതിക പുരോഗതി പ്രാകൃതമായ ചുററുപാടുകളെ അധഃശൃംഗാരീകരിക്കുന്നു. ശൃംഗാരതലത്തെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ലൈംഗിക സംതൃപ്തി മാത്രമായി ചുരുക്കിക്കൊണ്ടു് ചുററുപാടുകളെ അധഃശൃംഗാ

രികരിക്കുകയും കാമാസക്തി കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

രണ്ടാമതായി, സെക്സിന്റെ സമൂഹവത്കരണം നടക്കുന്നു. ഒരു വശത്ത് ലൈംഗികതയെ വിമോചനമായി കാണുന്നു. പക്ഷേ യഥാർത്ഥത്തിൽ നടക്കുന്നത് അതിനെ കൂടുതൽ വിസ്തൃതമാക്കുകയും ഭരിക്കുകയുമത്രെ. ഉയന്ന രീതിയിലുള്ള ലൈംഗിക സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് സെക്സിനു് ഒരു ചരക്കു മൂല്യം അനുവദിച്ചു കൊടുക്കുന്നു. ഇതു മൂലം ലൈംഗികതയെ സമൂഹത്തിന്റെ ഉല്പാദനതലത്തിലേയ്ക്കു് കീഴ്പ്പെടുത്തി എന്നുമാത്രം. സമൂഹം പൊതുവായ സംതൃപ്തി നല്കുന്നു, പക്ഷെ ശരിയായ സംതൃപ്തി തരുന്നില്ല. ക്രമീകൃത അധോദാത്തീകരണം വഴി വ്യക്തിയെ സമൂഹത്തിന്റെ ഒരു ഭാഗമാക്കിത്തീർക്കുകയും അങ്ങനെ അവന്റെ സ്വാതന്ത്ര്യവും നിഷേധസ്വഭാവവും നശിപ്പിക്കപ്പെടുകയുമാണ് ചെയ്യുക.

## D. നൂതനസമൂഹം,

### 1 താത്വികസാധ്യത.

വ്യക്തികൾക്ക് കൂടുതൽ സ്വാതന്ത്ര്യവും സൗഭാഗ്യവും സമ്പാദിച്ചു കൊടുക്കുന്നതിൽ വ്യവസ്ഥാപിത യാഥാർത്ഥ്യതത്വം വിജയിക്കുന്നുണ്ടോ? മാർക്യൂസിന്റെ വിശകലനം നിഷേധാത്മക മറുപടിയാണ് നല്കുന്നതു്. വ്യക്തികൾക്ക് കൂടുതൽ സ്വാതന്ത്ര്യവും സൗഭാഗ്യവും കൈവരിക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? വ്യവസ്ഥാപിത യാഥാർത്ഥ്യത്തിന്റെ അടിച്ചമർത്തപ്പെട്ട വ്യവസ്ഥിതിയിൽ നിന്നുള്ള മോചനം വഴി മാത്രമേ അതു സാധ്യമാകൂ. ഇപ്പോൾ നിലവിലിരിക്കുന്ന സമൂഹത്തിലെ സാങ്കേതികവും പ്രകൃതിദത്തവുമായ എല്ലാ സാഹചര്യങ്ങളെയും ഒരു സ്വതന്ത്രസമൂഹമാക്കി മാററുവാൻ കഴിവുള്ള പാദാർത്ഥികവും ബൗദ്ധികവുമായ സിദ്ധിയും ഉണ്ടു്. മററു വാക്കുകളിൽ പറഞ്ഞാൽ, ദാരിദ്ര്യം, അന്യവത്കൃത തൊഴിൽ, അതിഅടിച്ചമർ

ത്തൽ തുടങ്ങിയവയുടെ നിർമ്മാർജ്ജനം സാധ്യമാണു്. ഫ്രോയിഡിനെ സംബന്ധിച്ചിടത്തോളം മൗലിക വാസനകളുടെ ക്രമീകൃതമായ നിരോധനം വഴിയാണു് സംസ്കാരം പുരോഗമിക്കുന്നതു്. നാഗരികതയിലുള്ള പുരോഗതി ഉദാത്തീകരണവും അനിയന്ത്രിതമായ അടിച്ചമർത്തലും വർദ്ധിപ്പിക്കുന്നു. അതിൻെറ ഫലം ജൈവവാസനയുടെ ശക്തിക്ഷയവും മരണവാസനയുടെ വിമോചനവുമാണു്. അതുകൊണ്ടു് അടിച്ചമർത്തൽ നാഗരികതയെയും സംസ്കാരത്തേയും കാത്തുസൂക്ഷിക്കുന്നതിനു് അത്യന്താപേക്ഷിതമാണെന്നു് ഫ്രോയിഡ് കരുതുന്നു. നാഗരികതയുടെ പുരോഗതിയിൽ വ്യക്തി സഹിക്കുവാൻ ബുദ്ധിമുട്ടുന്ന കുററബോധത്തിൻെറ രൂക്ഷതയെപ്പററി ഫ്രോയിഡ് സംസാരിക്കുന്നുണ്ടു്. ജൈവവാസനയും മരണവാസനയും തമ്മിൽ നിരന്തരമായൊരു മത്സരം അദ്ദേഹം കാണുന്നു. ഫ്രോയിഡിൻെറ ഈ ഉൾക്കാഴ്ചയെ വ്യക്തമായിട്ടും വിപ്ലവാത്മകമായ ഒന്നായിട്ടാണു് മാർക്യൂസ് മതിക്കുന്നതു്. അടിച്ചമർത്തുന്ന യാഥാർത്ഥ്യവും അടിച്ചർത്തലിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനോടു് ഏതാണ്ടു് തുല്യമായ ഒരു ബാധ്യതയും തമ്മിലും, നാഗരികതയ്ക്കു് ആവശ്യമായ ജൈവവാസനയുടെ വളർച്ചയും അതിനോടു് തുല്യമായിട്ടുള്ള സൗഭാഗ്യത്തിൻെറ അടിച്ചമർത്തലും തമ്മിലുമുള്ള സംഘട്ടനമാണു് നാഗരികതയുടെ വിധിക്കു് നിർണ്ണായകമായി ഭവിക്കുക.

നാഗരികതയുടെ ഭീകരമായ ഈ ഡയലിററിക്സനെതിരായിട്ടാണു് മാർക്യൂസ് പുതിയ ഒരു ഗതി നിശ്ചയിച്ചിരിക്കുന്നതു്. ജൈവ വാസനയും മരണവാസനയും. പുരോഗതിയും നശീകരണവും തമ്മിലുള്ള സംഘട്ടനത്തിനു യാതൊരു പരിഹാരവും കാണുവാൻ ഫ്രോയിഡിനു സാധിക്കാത്തപ്പോൾ ജൈവ വാസനയും മരണവാസനയും തമ്മിലും സാമൂഹ്യമായിട്ടു് അടിച്ചമർത്തുന്ന യാഥാത്ഥ്യവും അതിനെ മറികടക്കാനുള്ള ചരിത്രപരമായ വാസനയും തമ്മിലുള്ള സംഘട്ടനത്തിൽ ഒരു വൈരുദ്ധ്യാത്മകതയുണ്ടു് എന്നു് മാർക്യൂസ്

കരുത്തുന്നു. കുററം അടിച്ചമർത്തലിൻെറ നിരന്തരമായ അസ്തിത്വത്തിൻെറ മേൽ മാത്രമല്ല പ്രത്യുത അതിൻെറ അംഗീകാരത്തിലും സംതൃപ്തിയിലുമാണ് എന്ന വസ്തുതയിലാണ് കുററബോധം വെളിപ്പെടുന്നത്.

കുററബോധത്തിലെ ഈ വിരുദ്ധ മനോഭാവങ്ങൾക്കു പുറമേ ഫ്രോയിഡിൻെറ തത്വത്തിലെ ആന്തരിക വൈരുദ്ധ്യം കൂടി മാർക്യൂസ് ചൂണ്ടിക്കാണിക്കുന്നു. അതു് അതിൻെറ തന്നെ പരിഹാരത്തിൻെറ സാധ്യതയുമുൾക്കൊള്ളുന്നുണ്ട്. മനുഷ്യരെ മുഴുവനും യോജിപ്പിച്ച് ഒററക്കെട്ടായി നിർത്താനുള്ള ഒരു ആന്തരിക രതി പ്രേരണയെ(SE21:133) ഫ്രോയ്ഡ് കാണുന്നുണ്ടെങ്കിൽ ജൈവവാസനയുടെ സാമൂഹ്യ വിരുദ്ധ മനോഭാവത്തെ എങ്ങനെയാണ് അദ്ദേഹത്തിനു് ഊന്നി പറയുവാൻ സാധിക്കുക? എങ്ങനെയാണ് സാമൂഹ്യ വിരുദ്ധവും സന്മാർഗ്ഗ വിരുദ്ധവുമായ ജൈവ വാസനയ്ക്കു നാഗരികതയെ സൃഷ്ടിക്കുവാൻ സാധിക്കുന്നതു്? ഫ്രോയ്ഡ് ജൈവവാസനയുടെ രണ്ടുവശങ്ങളെയും അതിൻെറ മൗലികാത്മത്തോടു ബന്ധപ്പെടുത്തിപറയുമ്പോൾ മാർക്യൂസ് അതിൻെറ വൈരുദ്ധ്യത്തെത്തന്നെ വെളിച്ചത്തു കൊണ്ടുവരികയാണ്. യാഥാർത്ഥ്യതത്വം ആനന്ദതത്വത്തെ ഇല്ലാതാക്കുന്നുണ്ടെങ്കിലും രണ്ടാമത്തേതിൻെറ അവകാശവാദം നാഗരികതയിൽ തന്നെ അധിവസിച്ചുകൊണ്ടിരിക്കുന്നു. പരാജിതനായ ആനന്ദതത്വം അബോധത്തിൽ അതിജീവിക്കുന്നു. '' മനുഷ്യ പുരോഗതിയിൽ യാഥാർത്ഥ്യതത്വം നിരന്തരമായിട്ട് പുനഃസ്ഥാപിച്ചു കൊണ്ടിരിക്കണം എന്ന വസ്തുത അതിനു് ആനന്ദതത്വത്തിന്മേലുള്ള വിജയം ഒരിയ്ക്കലും പൂർണ്ണമോ സുരക്ഷിതത്വമുള്ളതോ അല്ലായെന്നു സൂചിപ്പിക്കുന്നു''(EC.15). അങ്ങനെ അടിച്ചമർത്തപ്പെട്ട യാഥാർത്ഥ്യം ചരിത്രപരമായ വ്യുൽപത്തിയുടെയും മേധാവിത്വത്തിൻെറയും ഫലമാണെങ്കിൽഫ്രോയ്ഡിൻെറ തത്വം നിർണ്ണായകമായ ഒരു തിരുത്തലിനു് വിധേയമാണ്.

നാഗരികതയുടെസങ്കേതിക നേട്ടങ്ങൾ അവശ്യകതയുടെ അസ്ഥിത്വത്തെ ഇല്ലാതാക്കുകയും അസംതൃപ്തതൊ

ഴിൽ കുറയ്ക്കുകയും ചെയ്യുന്നു. അതിൻെറ ഫലമായി വിശ്രമവേളകൾ ജീവിതത്തിൻെറയും ജോലിയുടെയും ഉള്ളടക്കമായിത്തീരുന്നു. വാസനകളുടെ അടിച്ചമർത്ത പ്പെടുന്ന ഘടനയുടെ സ്ഫോടനാത്മകമായ രൂപാന്തരീകര ണമാണ് ഫലം. അതായത് കാമാസക്ത ബന്ധങ്ങളെ സാർവ്വത്രികമാക്കാനും രതി പൂരിതമായ നാഗരികതയെ സൃഷ്ടിക്കാനും ജൈവവാസന തയ്യാറാകുന്നു.

## 2. സാങ്കേതിക സാധ്യത

a. ആവശ്യകതയുടെകീഴടക്കപ്പെടൽ.

യാഥാർത്ഥ്യതത്വത്തിൻെറ പേരിൽ അടിച്ചമർത്തലി നെ അടിച്ചേൽപിക്കുന്നത് ആവശ്യകതയാണല്ലോ. നി ർവ്വഹണതത്വത്തിൽ വളരെയേറെ സ്വാധീനമുള്ള അതി അടിച്ചമത്തലിനും ജന്മം കൊടുക്കുന്നത് ഈ ആവശ്യ കത തന്നെ. ഈ സാഹചര്യത്തിൽ അടിച്ചമർത്തൽ ഘടകങ്ങൾ അപ്രത്യക്ഷമായാൽ മാത്രമെ അടിച്ചമർത്ത പ്പെടാത്ത ഒരു നാഗരികതയ്ക്കുജന്മമെടുക്കാൻ സാധിക്കു. അടിച്ചമത്തലിൻെറയും ആനന്ദതത്വവും യാഥാർത്ഥ്യതത്വ വും തമ്മിലുള്ള സംഘട്ടനത്തിൻെറയും പ്രധാനഘടകം ആവശ്യകതയാണ്, അസ്തിത്വത്തിനുള്ളസമരമാണ്.

അടിച്ചമർത്തുന്ന നാഗരികതയെപ്പററിയുള്ള മാർ ക്യൂസിൻെറ അഭിപ്രായം ഈ സാഹചര്യത്തിൽ മുഴുവ നായും നിഷേധാത്മകമല്ല. എന്തെന്നാൽ വ്യവസായ വത്കരണത്തിൻെറ പുരോഗതിയിൽ നിർവ്വഹണ തത്വം അവശ്യവും ഉപയോഗപ്രദവുമായിരുന്നു. വിര ളതയുടെ സമയത്ത് അതാവശ്യമായിരുന്നെങ്കിൽ തന്നെ യും പിന്നീടുള്ള വ്യവസായവത്കൃത കാലഘട്ടത്തിൽ അത് അതിൻെറ അതിർവരെയെത്തി. സമൃദ്ധി യുടെ സമൂഹം അടിച്ചമർത്തുന്നതിൽനിന്നും അടിച്ചമർത്ത പ്പെടാത്ത അവസ്ഥയിലേയ്ക്കുള്ള കടന്നുപോകലിനെ കുറി ക്കുന്നു. അടിച്ചമർത്തപ്പെടാത്ത സമൂഹം ഉയർന്ന നില

വാരത്തിലുള്ള സാമ്പത്തികഭദ്രത പ്രദാനംചെയ്യുന്നു. അടിച്ചമർത്തലിനു രണ്ടുതരത്തിലുള്ള ഉത്ഭവമുണ്ട്: അവശ്യകതയും ശക്തിയും. ഇന്നു നമ്മൾ ഒരു വിഷമസന്ധിയിലാണ്. അടിച്ചമർത്തലിന് അതിന്റെ സ്വാഭാവിക ഉൽഭവമേയില്ല. അതു സമ്പത്തിന്റെ വിതരണത്തിൽ നിന്നു് ഉദയം ചെയ്യുന്നു. ഇതു സാമ്പത്തികമെന്നതിനെക്കാൾ രാഷ്ട്രീയപരവും സാമൂഹ്യപരവുമായ ക്രമീകരണരീതികളിൽ നിന്നു് ഉരുത്തിരിയുന്നതാണ്. സ്വാഭാവിക തടസ്സങ്ങൾ ഒരിക്കൽ ലഘുകരിക്കപ്പെട്ടാൽ അടിച്ചമർത്തപ്പെടാത്ത ഒരു യാഥാർത്ഥ്യതത്വത്തെപ്പററിയുള്ള ഊഹം സ്വീകാര്യമായിത്തീരുകയും അവശ്യകതയും വിരളതയും കീഴടക്കപ്പെടുകയും ചെയ്യും.

അതു കൊണ്ടു് വികസിത വ്യവസായവത്കൃത സമൂഹത്തിൽ അവശ്യകതയുടെ കീഴടക്കപ്പെടലിനെപ്പററിയുള്ള പ്രശ്നം വളരെ അർത്ഥവത്തായിട്ടുതന്നെ കൈകാര്യം ചെയ്യാം. അവിടെ പ്രകൃതി അഥവാ ബാഹ്യലോകം കീഴടക്കപ്പെട്ടു. അവശ്യകതയുടെ അടിത്തറ നാഗരികതയുടെ പുരോഗതിയിൽ തകർക്കപ്പെട്ടു. അതു കൊണ്ടു് പുതിയ ഒരു യാഥാർത്ഥ്യതത്വത്തെ സൃഷ്ടിക്കുന്ന സാങ്കേതികവും പദാർത്ഥികവുമായ സാധ്യത വളരുന്നു. അസ്തിത്വത്തിന്റെ അവശ്യങ്ങൾക്കു മുൻമ്പിൽ ആനന്ദതത്വം യാഥാർത്ഥ്യതത്വത്തിനും നിർവ്വഹണതത്വത്തിനും സ്വയം അടിയറവച്ചു. ഇതാണ് വസ്തുതയെങ്കിൽ ജീവിത സമരത്തിൽ വാസനകളുടെ അടിച്ചമർത്തുന്ന അനുരൂപണം ഉണ്ടാകുന്നതു് പുറമെ നിന്നുള്ള ഘടകങ്ങളിൽ നിന്നാണ്. അതായതു്, വാസനകളിൽ അന്തർലീനമായിരിക്കുന്ന ഘടകങ്ങളിൽ നിന്നല്ല, പ്രത്യുത, പ്രത്യേക ചരിത്രാവസ്ഥകളിൽ നിന്നും വാസനകളുടെ ഈ നിർണ്ണയത്തിൽ തൊഴിലും പുരോഗതിയും ഉണ്ടാവുന്നു. അതേ സമയം ജൈവവാസനയുടെ ശക്തിക്ഷയിക്കലും അക്രമാസക്തിയുടെയും കുററബോധത്തിന്റെയും വളർച്ചയും. സാമ്പത്തികമായിട്ടു് വിഷ

മതകൾ അനുഭവിക്കുന്നടത്തോളം കാലം, വാസനകളുടെ അടിച്ചമർത്തലും സാമൂഹ്യമേധാവിത്വവും ആവശ്യമാണ്. ഇന്ന് ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും അവശ്യങ്ങളുടെ കീഴ്പ്പെടുത്തലുകളുടെയും സാധ്യതകളുള്ളപ്പോൾ, അടിച്ചമർത്തലും മേധാവിത്വവും അയുക്തിപരവും കാലഹരണപ്പെട്ടതുമായിപോയി. നാഗരികതയുടെ അടിത്തറ എന്തു മാത്രം മാറിപ്പോയി എന്ന വസ്തുത നാഗരികതയുടെ ആരംഭവും ഇപ്പോഴത്തെ അതിന്റെ സ്ഥിതിയും തമ്മിലുള്ള വ്യത്യാസം നാഗരികതയുടെ ആരംഭങ്ങളും അതിനുതൊട്ട പിൻപുള്ള കാലഘട്ടത്തെയും കാൾ വളരെ വലുതാണ് എന്ന വസ്തുതയിൽ നിന്നു മനസിലാക്കാം. അതി അടിച്ചമത്തലിനെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുന്നവിധം മനുഷ്യാവശ്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു നാഗരികതയെ വിവേകപൂർവ്വം മുൻകൂട്ടികാണുവാൻ പററുമോ എന്നതാണ് ഉചിതമായചോദ്യം (EC 137).

## b. ഓട്ടോമേഷന്റെ വിമോചനദൗത്യം

വ്യവസായവത്കരണത്തിൽ അന്തർലീനമായിരിക്കുന്നയന്ത്രവത്കരണത്തിന്റെ ഭാഗമാണ് ഓട്ടോമേഷൻ. ഓട്ടോമേഷനെ അതിന്റെ പ്രവത്തന ശക്തിയുമായിട്ടല്ല ലക്ഷ്യവുമായിട്ട് ചിന്തിച്ചു പരിശോധിക്കുകയാണെങ്കിൽ ഓട്ടോമാററിക്‌യന്ത്രങ്ങളുടെ നിർമ്മാണം മനുഷ്യനെ യന്ത്രത്തിൽ നിന്നു പുറത്തുകൊണ്ടുവരും. ബുദ്ധിമുട്ടേറിയതും അപകടം നിറഞ്ഞതുമായ ജോലികൾ നീക്കിക്കൊണ്ട് എവിടെ മനുഷ്യപരാജയം സാധ്യമാണോ അവിടെ നിയന്ത്രണം സുനിശ്ചിതമാക്കുന്നു. അതുകൊണ്ട് അത് സാമൂഹ്യസാമ്പത്തിക മാർഗ്ഗങ്ങളിൽ മനുഷ്യന്റെ സൗഭാഗ്യത്തിലേയ്ക്കുള്ള നിർണ്ണായകമായ ഒരു കാൽവെയ്പായിരിക്കും. എന്തെന്നാൽ ഓട്ടോമേഷൻ മനുഷ്യനെ യന്ത്രത്തിൽ നിന്നും വേർതിരിക്കുന്നു. ഇന്നുവരെയും യന്ത്രത്തിനു മനുഷ്യപ്രയത്നത്തെ മാത്രമേ ലഘൂ

കരിക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഓട്ടോമേഷന്റെ വരവോടുകൂടി അടിമത്തത്തെ പൂർണ്ണമായിട്ടും യന്ത്രത്തിലേയ്ക്കു മാററുവാൻ കഴിയും. ഉൽപാദനോപകരണങ്ങളിൽ നിന്നുള്ള അകൽച്ചവഴി ജോലിക്കാരൻ കൂടുതൽ സ്വതന്ത്രനാകുന്നു. അതുപോലെ തന്നെ യന്ത്രം മനുഷ്യവ്യക്തിയിൽ നിന്നു് വേർതിരിക്കപ്പെടുകയും സ്വതന്ത്രമായ ഒരു ഉൽപാദന വിഷയമായിത്തീരുകയും അങ്ങനെ ഒരു വ്യക്തിതന്നെ ആയിത്തീരുകയുംചെയ്യും. അക്ഷരാർത്ഥത്തിൽ ഉപകരണം ഒരു വ്യക്തിയായിത്തീരുന്നു. ഇതാണു് പ്രായാഗികമായിട്ടുപറഞ്ഞാൽ ഓട്ടോമേഷന്റെ നിർവ്വചനം.

ഓട്ടോമേഷൻ ഒരു പുതിയ നാഗരികതയിലേയ്ക്കുള്ള പ്രവേശനത്തിന്റെ വ്യവസ്ഥയത്രെ. വിശ്രമവേളയും ജോലിസമയവും തമ്മിലുള്ള ബന്ധം അതു് കീഴ്മേല് മറിക്കും. ജോലിസമയം ഏററവും കുറയുകയും അതനുസരിച്ച് വിശ്രമവേള വർദ്ധിക്കുകയും ചെയ്യും.

## 3. നൂതന വ്യക്തിയുടെ ഉത്ഭവം

മാർക്സിന്റെ അടിച്ചമർത്തപ്പെടാത്ത സമൂഹത്തിന്റെ കാഴ്ച്ചപ്പാടിൽപ്പെട്ടതാണു് പുതിയ വ്യക്തിയുടെ ആവിർഭാവവും. താത്വികസാങ്കേതിക സാധ്യതകളുടെ പരിണിതഫലമായി പുതിയ വ്യക്തി രംഗപ്രവേശനം ചെയ്യുന്നു. തൊഴിലിന്റെ ചുരുങ്ങിയ ഉപയോഗം, സ്വയം പ്രേരിതപ്രക്രിയകൾ തുടങ്ങിയവയാൽ സവിശേഷിതമായിരിക്കുന്ന ഉൽപാദനപ്രക്രിയ തൊഴിലാളിയെ ഉൽപാദന സാമഗ്രികളിൽനിന്നു് അകററുകയും അതുവഴി സ്വതന്ത്രവ്യക്തിയുടെ ആവിർഭാവത്തിനിടയാക്കുകയും ചെയ്യുന്നു.

നാഗരികതയുടെ ഏററവും ഉദാത്തമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഒന്നിലേയ്ക്കു് മാനവചരിത്രം വാസനകളുടെ വിവിധ ഗതിവിഗതികളിലൂടെ നീങ്ങുന്ന

തിനാൽ ബാഹ്യലോകത്തെ കീഴടക്കിയ അവബോധ പൂർണ്ണവും യുക്തിപൂർണ്ണവുമായ ഒരു വ്യക്തിയാണ് മാററത്തിലൂടെ സംജാതമാകുന്നതു്. ''നിവ്വഹണതത്വത്തിൻെറ നിഷേധത്തിലൂടെ ഉത്ഭൂതമാകുന്നതു് അവബോധയുക്തിസ്സ്ഥതിരായ ഒന്നല്ല മറിച്ച് അതിനോടു യോജിച്ച ഒന്നാണ്. ഇതു് നാഗരികതയെ അതിൻെറ പൂർണ്ണമായ പക്വഭാവത്തിൽ പ്രതീക്ഷിക്കുന്നു'' (EC 136)

നൂതനഗ്രഹണശക്തി അവയവങ്ങളിലേയ്ക്കു കടക്കുകയും ഭാവനാശക്തിയെ ക്ഷണിക്കുകയും ചെയ്യുന്നു. പുതിയ യാഥാർത്ഥ്യത്തിൻെറ സംവിധാനത്തിനുതകുന്ന പുതിയ അവബോധം ഒരു പുതിയ ഭാഷയെതന്നെ സൃഷ്ടിക്കുന്നു. പുതിയ മൂല്യങ്ങളെയും ലക്ഷ്യങ്ങളെയും വിശദീകരിക്കാൻ ഈ ഭാവനയും ഭാഷയും ആവശ്യമാണ്. തന്നെയുമല്ല പുതിയ വ്യക്തിയുടെ ഉത്ഭവം പുതിയ സാന്മാർഗ്ഗികതയുടെ ആവിർഭാവത്തെ വിളിച്ചറിയിക്കും. പുതിയ വ്യക്തി ഒരു പുതിയ ജീവിതമാർഗ്ഗവും അസ്തിത്വമാർഗ്ഗവും തേടുന്നു. സ്വാതന്ത്ര്യത്തിനും സൗഭാഗ്യത്തിനും വേണ്ടി ജീവിതാവശ്യങ്ങളുടെ പുരോഗതിയാണ് ഇവിടെ പരിഗണനാർഹമായിരിക്കുന്നതു്. സ്വാതന്ത്ര്യത്തിനും സൗഭാഗ്യത്തിനുമുള്ള തൃഷ്ണ ജീവപരവും അത്യാവശ്യവുമായിത്തീരണം. അതിനാൽ പുതിയ മനുഷ്യൻ ചൂഷിതസമൂഹത്തിൽ ഉള്ളതിൽനിന്നും വ്യത്യസ്തമായ ആവശ്യങ്ങളും ഇച്ഛകളും വളർത്തുന്നു. അതോടുകൂടി സമാധാനത്തിനും സൗമ്യതയ്ക്കും ഏകാന്തതയ്ക്കും സൗന്ദര്യത്തിനും നേരെയുള്ള ആഭിമുഖ്യം വർദ്ധിക്കുന്നു.

വ്യതിയാന വിധേയമാകുന്ന ജൈവവാസന നവീന സംസ്ക്കാരത്തിനു് രൂപം നൽകുമ്പോൾ ലൈംഗികത ജൈവവാസനയായി രൂപാന്തരപ്പെടുന്നു. തൽഫലമായി വ്യക്തി സ്ഥായിയായി രതിബന്ധങ്ങളിലേയ്ക്കും (EC 198) വിജ്ഞാനതലത്തിലേയ്ക്കും പ്രവേശിക്കും. ഈ നവീന മനുഷ്യൻെറ ഉൽഭവമാണ് അടിച്ചമർത്തപ്പെടാത്തതും ശോഭനവുമായ ഭാവിയ്ക്കുഹേതു.

മാർക്ക്യസ് വിഭാവനം ചെയ്യുന്ന നൂതനസമൂഹം പൂർത്തീകരിക്കപ്പെടേണ്ട ഒരു പദ്ധതി (Project) യാണ്. ഈ താത്വികപദ്ധതി ''നിയതമായൊരു തിരഞ്ഞെടുപ്പിൻെറ (Choice) ഫലമാണ്. യാഥാർത്ഥ്യത്തെ പ്രത്യേകവിധത്തിൽ മനസ്സിലാക്കുന്നതിൻെറയും രൂപാന്തരപ്പെടുത്തുന്നതിൻെറയും ഫലമാണ്'' (OM 219). ഈ പദ്ധതിയുടെ പ്രത്യേകത അതു വ്യവസ്ഥാപിതസമൂഹത്തിലുള്ള അമിതഅടിച്ചമർത്തലിൻെറ അർത്ഥശൂന്യത തിരിച്ചറിയുന്നു എന്നുള്ളതാണ്. എന്തായാലും സമൂഹത്തിൻെറ പുരോഗതിയെപ്പററിയും വ്യക്തിയുടെ സൗഭാഗ്യത്തെപ്പററിയും നൂതനമായൊരു വീക്ഷണം നൽകാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ശാന്തമായ ഒരു ലോകം കെട്ടിപ്പടുത്ത് ''മനുഷ്യരെപ്പോലെ ജീവിക്കുകയും, ജോലിചെയ്യുകയും സൗഭാഗ്യവാന്മാരായിരിക്കുകയും ചെയ്യുക എന്നതാണ്'' (FL 94) മനുഷ്യൻെറ കർത്തവ്യം.

NASTERY

# സമൂഹത്തിൽ വ്യക്തിയുടെ സൗഭാഗ്യം

**ഡോ. തോമസ് വെള്ളിലാംതടം, Ph.D.**

സമൂഹത്തിൽ വ്യക്തിയുടെ സന്തോഷത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ച് ബദ്ധശ്രദ്ധമാണ് തത്വശാസ്ത്രപഠനങ്ങൾ. വ്യക്തിയുടെ സൗഭാഗ്യത്തെപ്പററി ഗണനീയമായ താല്പര്യം കാണിച്ച രണ്ടു യഹൂദ ചിന്തകരാണ് സിഗ്മണ്ട് ഫ്രോയ്ഡും, ഹെബർട്ട് മാർക്യൂസും.

ജന്മവാസനകളുടെ അടിച്ചമർത്തലിലാണ് നാഗരികത അധിഷ്ഠിതമായിരിക്കുന്നതു് എന്ന ഫ്രോയ്ഡിൻെറ സങ്കല്പത്തിനെതിരായി, അടിച്ചമർത്തപ്പെടാത്ത ഒരു നാഗരികത സാധ്യമാണെന്ന് മാർക്യൂസ് വാദിക്കുന്നു. ഈ കൃതി രണ്ടു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യഭാഗത്തു്, ഫ്രോയ്ഡിൻെറ വീക്ഷണവും രണ്ടാമത്തേതിൽ മാർക്യൂസിൻെറ വീക്ഷണവും.

പഠനാർഹമായ ഈ കൃതി വ്യക്തിയുടെ സൗഭാഗ്യത്തെപ്പററി മലയാളത്തിലുണ്ടായിട്ടുള്ള കൃതികളിൽ മുൻപന്തിയിലായിരിക്കും.

ദീപിക ബുക്ക് ഹൗസ്

ശാസ്ത്രി റോഡ്.

കോട്ടയം — 686 001

ബ്രാഞ്ച്: കട്ടപ്പന — 685 508